# മഴവില്ല്

## മലയാള പാഠാവലി (ഭാഗം - 3)

*പദങ്ങൾ കണ്ടെത്തി അടിവരയിടൽ, ചോദ്യനിർമാണം, കണ്ടെത്താം എഴുതാം, ഒരുപോലെ അവസാനിക്കുന്ന പദങ്ങളുടെ കണ്ടെത്തൽ, പദമൂലയിൽനിന്ന് സമാനപദങ്ങൾ കണ്ടെത്തൽ തുടങ്ങിയ പ്രവർത്ത നങ്ങളെല്ലാം പഠിതാവിനെ സൂക്ഷ്മവായനയിലേക്ക് നയിക്കുന്നതി നുവേണ്ടിയാണ്.*

*പദമൂല - പഠിതാക്കളുടെ അന്വേഷണബുദ്ധി വികസിപ്പിക്കുന്നതി നുള്ള ഒരു പ്രവർത്തനമാണ്. പദനിർമാണവും വാക്യനിർമാണവും വിവരണം തയ്യാറാക്കലും കുട്ടികളെ എഴുത്തിലേക്കു നയിക്കുന്നു.*

*പത്രനിർമാണം, ചുമർ പരസ്യമെഴുത്ത് - വാർത്തയെഴുത്തിനും പര സ്യമെഴുത്തിനും വേണ്ടത്ര പരിശീലനം ഈ പ്രവർത്തനം കൊണ്ട് ലഭിക്കുന്നു. ഒഴുക്കോടെയും അർഥവത്തായും ഭാഷ പ്രയോഗിക്കുന്ന തിന് പഴഞ്ചൊല്ലുകൾ പ്രധാന പങ്കുവഹിക്കുന്നു.*

*ഒന്നിന് ഒത്തിരി- പര്യായപദങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കുന്നതി നുവേണ്ടിയാണ് ഈ പ്രവർത്തനം. അധ്യാപിക ഈ പ്രവർത്തനം കുട്ടികളെക്കൊണ്ട് ചെയ്യിക്കണം.*

### മഴവില്ല്

അഭ്യാസം 1, 2, 6 കുട്ടികൾ സ്വയം വായിച്ച് കണ്ടെത്തണം.

3. ഒന്നിന് ഒത്തിരി –

   അടിവരയിട്ട പദത്തിന്റെ സമാനപദമെഴുതി വാക്യങ്ങൾ പൂർണ മാക്കാം.

   <u>വാനം</u> തെളിഞ്ഞു. പക്ഷികൾ കൂട്ടിൽ നിന്ന്................. പറന്നു. സൂര്യൻ കിഴക്കെ ...................... ഉയർന്നു. പെട്ടെന്ന് ................. കാർമേഘം പരന്നു.

4. ആകാശത്താണ് മഴവില്ല് തെളിയുന്നത്. മഴയ്ക്ക് ശേഷമാണ് മഴവില്ല് കാണാറുള്ളത്. മഴവില്ലിന് ഏഴ് നിറങ്ങളുണ്ട്. മഴവില്ലിന് നല്ല ഭംഗിയുണ്ട്. മഴവില്ലിന് വില്ലാകൃതിയാണ്.

5. കണ്ടെത്താം എഴുതാം.

   1. കുട്ടികൾ സ്വന്തമായി എഴുതേണ്ടതാണ്.
   2. കരൾ നോവുന്നു മായുമ്പോൾ



3. എനിക്ക് ഇരിക്കാൻ ഒരുപാട് സ്ഥലം വേണം. അതുകൊണ്ട് ഞാൻ ഭൂമിയിലേക്ക് വന്നാൽ നിങ്ങൾക്ക് ബുദ്ധിമുട്ടാകും.
4. മഴവില്ലിന്റെ കൂടെ കളിക്കാനാണ് ആഗ്രഹിക്കുന്നത്.
5. ജി. ശങ്കരക്കുറുപ്പ്.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. ആകാശം – കാർമേഘം, നക്ഷത്രങ്ങൾ, സൂര്യൻ, ചന്ദ്രൻ, നീല, പക്ഷി, വിമാനം, മഴവില്ല്

   മരം – ഇല, പഴം, കായ, പൂവ്, വേര്, കൊമ്പ്, തണൽ, തടി.

2. ആകാശത്തിന് നീല നിറമാണ്.

   പക്ഷികൾ മരത്തിലാണ് കൂട് കെട്ടുന്നത്.

   മരം നമുക്ക് പഴവും തണലും തടിയും തരുന്നു.

3. 1. നിനക്ക് കഥ പറഞ്ഞുതരാൻ അവിടെ ആരെങ്കിലുമുണ്ടോ ?
   2. നിനക്ക് ഉമ്മതരാൻ അവിടെ ആരെങ്കിലുമുണ്ടോ ?
   3. നിനക്ക് തനിയെ ഇരിക്കാൻ ഇഷ്ടമാണോ ?

4. 1. ദൈവമാണ് എനിക്ക് ഈ നിറം നൽകിയത്.
   2. കഥ പറഞ്ഞുതരാൻ ഇവിടെ ആരുമില്ല.
   3. ഉമ്മ തരാൻ മേഘങ്ങളുണ്ട്.

5. വന്നാലും, മടിയിലിരുന്നാലും, പറഞ്ഞാലും, പോയാലും, കുടി ച്ചാലും, കിടന്നാലും.

6. തത്തമ്മ എവിടെയാണ് ഇരിക്കുന്നത് ?

   പറക്കാൻ കഴിയുന്നതെപ്പോൾ ?

   തത്തമ്മയ്ക്ക് രസിക്കാൻ കഴിയുന്നതെപ്പോൾ ?

   എവിടെയാണ് പറക്കേണ്ടത് ?

7. ഈ വഴി പോയാലെവിടെച്ചെല്ലാം ?

   ഈ വഴി പോയാൽ വീട്ടിൽ ചെല്ലാം.

   ഈ വഴി പോയാലെവിടെച്ചെല്ലാം ?

   ഈ വഴി പോയാൽ കടവിൽ ചെല്ലാം.

### കുഞ്ഞുണ്ണിയുടെ വികൃതി

അഭ്യാസം 1, 2 കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. എത്ര പദങ്ങൾ?

മ്മ - അമ്മ, ബൊമ്മ, അമ്മായി, അമ്മിണി, അമ്മാവൻ

ഞ്ഞ - കഞ്ഞി, മഞ്ഞ, മഞ്ഞൾ, കുഞ്ഞ്, പഞ്ഞി

ഞ്ച - വഞ്ചി, ചെഞ്ചായം, കഞ്ചുകം, മഞ്ചാടി, കൊഞ്ച്

4. വാക്യങ്ങൾ വാക്യങ്ങൾ

താഴെകൊടുത്തിരിക്കുന്ന അക്ഷരങ്ങൾ ഉപയോഗിച്ച് എത്ര പദങ്ങൾ ഉണ്ടാക്കാം? അനുയോജ്യമായ പദങ്ങൾ ചേർത്ത് വാക്യങ്ങൾ നിർമിക്കൂ.

| | | |
|---|---|---|
| വട, പലഹാരം | : | വട ഒരു പലഹാരമാണ്. |
| രവി, വടി | : | രവി വടി വെട്ടി |
| ഹരി, പാടി | : | ഹരി പാട്ടു പാടി. |
| സിംഹം, സട | : | സിംഹം സട കുടഞ്ഞു. |

5. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിത രൂപവും എഴുതൂ.

| | | |
|---|---|---|
| കണ്ണിൽപെട്ടത് | - | കണ്ണിൽ + പെട്ടത് |
| ബദ്ധപ്പെടുകയായിരുന്നു | - | ബദ്ധപ്പെടുക + ആയിരുന്നു |
| മണലായിരുന്നില്ല | - | മണൽ + ആയിരുന്നില്ല |
| മടങ്ങുകയായിരുന്നു | - | മടങ്ങുക + ആയിരുന്നു |

6. ഒന്നിന് ഒത്തിരി - അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെ ഴുതി വാക്യങ്ങൾ പൂർണമാക്കാം.

അമ്മുവും അപ്പുവും പള്ളിക്കൂടത്തിലേക്കു പുറപ്പെട്ടു. .............. ...................... വൈകി എത്താതിരിക്കാൻ അവർ വേഗം നടന്നു. പക്ഷെ അവർ ........................ എത്തിയപ്പോൾ മണിയടിച്ചിരുന്നു.

7. അനുയോജ്യമായ എതിർപദജോഡികളെ കണ്ടെത്തൂ.

| | | |
|---|---|---|
| അകലെ | x | അടുത്ത് |
| സാധാരണം | x | അസാധാരണം |
| മുകളിലേക്ക് | x | താഴേക്ക് |
| പരിചിതർ | x | അപരിചിതർ |

8. പാഠഭാഗം വായിച്ച് ചോദ്യങ്ങൾ നിർമ്മിച്ചെഴുതൂ.

1. എവിടെയായിരുന്നു കൂറ്റൻ കൂന?



2. കുഞ്ഞുണ്ണി എവിടെ നിന്നാണ് മടങ്ങിയത്?
3. കുഞ്ഞുണ്ണി എങ്ങിനെയാണ് മൺകൂനയിലേയ്ക്ക് കുതിച്ചത്?
4. ഉയർന്നു വരാൻ ശ്രമിക്കുന്തോറും എന്താണ് സംഭവിച്ചത്?
5. എങ്ങിനെയുള്ളതായിരുന്നു മണൽ?

9. കണ്ടെത്താം എഴുതാം.

1. കൂനയ്ക്കുള്ളിൽ കുമ്മായച്ചാന്തായിരുന്നു.
2. ചുമര് പൂശുവാനാണ് കുമ്മായച്ചാന്ത്.
3. അപരിചിതരായ രണ്ട് സ്ത്രീകളാണ് അതുവഴി വന്നത്.
4. ഒരു കൊച്ചകുട്ടി കുസൃതി കാട്ടുകയാണെന്ന് കരുതിയാണ് ആ സ്ത്രീകൾ സഹായിക്കാതെ പോയത്.
5. "ഏയ് ഒന്നു നിൽക്കണേ!" എന്നാണ് കുഞ്ഞുണ്ണി വിളിച്ചു കൂവിയത്.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. പള്ളിക്കൂടം - മേശ, ചോക്ക്, വിദ്യാർത്ഥി, അധ്യാപിക, പഠനം, മണിയടി, പുസ്തകം, ബഞ്ച്.

2. പള്ളിക്കൂടത്തിൽ അധ്യാപകരും വിദ്യാർത്ഥികളുമുണ്ട്.

പള്ളിക്കൂടത്തിൽ പോയാണ് കുട്ടികൾ പഠിക്കേണ്ടത്.

കരിമ്പിൽ നിന്നാണ് പഞ്ചസാര കിട്ടുന്നത്.

പഞ്ചസാര ചേർത്താണ് ചായ ഉണ്ടാക്കുന്നത്.

3. 1. രാമു കണ്ട കിനാവിനെപ്പറ്റി അമ്മയോട് പറഞ്ഞു.

2. സിനിമയിലെ ദൃശ്യം മാധവനെ സന്തോഷിപ്പിച്ചു.

3. അപരിചിതരിൽ നിന്ന് ആഹാരവസ്തുക്കൾ വാങ്ങി കഴിക്കരുത്.

4. പള്ളിക്കൂടത്തിൽ രാധയ്ക്ക് ധാരാളം കൂട്ടുകാരുണ്ട്.

4. സ്വർണം പോലെയുള്ള ലോഹം.

കഷായം പോലെയുള്ള കയ്പ്.

തേൻ പോലെയുള്ള മധുരം.

ഐസ് പോലെയുള്ള തണുപ്പ്.

5. 1. കന്നുകാലികൾ ചത്തൊടുങ്ങാൻ കാരണമെന്ത് ?

2. ഗ്രാമത്തിലെ വയലുകൾ ഉണങ്ങിയതിന് കാരണമെന്ത് ?

3. നീതിമാനായ ധനപാലൻ എന്താണ് ചെയ്തത് ?

4. കുഞ്ഞുങ്ങൾ തളർന്നു വീഴാൻ തുടങ്ങിയതെപ്പോൾ ?

5. ഗോതമ്പ് ഉപയോഗിച്ച് എന്താണ് ഉണ്ടാക്കിയത് ?

## സൂര്യൻ

അഭ്യാസം 1, 4 കുട്ടികൾ ചെയ്യേണ്ടതാണ്.

2. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ.

ജീവൻ - സൂര്യൻ

നീരാവി - മഴ

കടൽ - വേലിയേറ്റം

പെട്രോൾ - വാഹനം

മർദം - കാറ്റ്

3. പദങ്ങൾ പദങ്ങൾ

ഖ, ദ എന്നീ അക്ഷരങ്ങൾകൊണ്ട് പദങ്ങൾ നിർമിക്കൂ.

ഖ - മുഖം, നഖം, ദുഃഖം.

ദ - ദയ, മർദം, ദാനം.

5. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

അവർ ആദ്യമായാണ് കടൽ കാണുന്നത്. തീരത്തു നിന്ന് നോക്കുമ്പോൾ കരയിലേക്ക് തിര ഓടിയെത്തുന്നത് കാണാൻ നല്ല രസമുണ്ട്. പാൽ നുരപോലെയുള്ള വെളുത്ത പതയും കൊണ്ടാണ് ........................ വരവ്. അതുകണ്ടപ്പോൾ .................... തൊടണമെന്നു തോന്നി. അപ്പോഴേക്കും ...................... അവരുടെ പാദങ്ങളെ തൊട്ട് കഴിഞ്ഞിരുന്നു.

6. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിതരൂപവും എഴുതൂ.

| | | |
|---|---|---|
| ചൂടേറ്റ് | - | ചൂട് + ഏറ്റ് |
| പുറന്തോട് | - | പുറം + തോട് |
| കത്തിയെരിയുന്ന | - | കത്തി + എരിയുന്ന |
| ചെറിയൊരു | - | ചെറിയ + ഒരു |
| ശേഖരിച്ചാണ് | - | ശേഖരിച്ച് + ആണ് |



7. പാഠഭാഗം വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.

1. വെള്ളം നീരാവിയാകുന്നത് എങ്ങനെ?
2. വൈദ്യുതി ഉല്പാദിപ്പിക്കുന്നത് എങ്ങനെ?
3. സസ്യങ്ങൾക്ക് ആഹാരം നിർമിക്കാൻ അത്യാവശ്യമായ ഘടകം ഏത്?
4. ഭൂമി ഉണ്ടായത് എങ്ങനെ?
5. സൂര്യൻ എന്താണ് പഠിപ്പിക്കുന്നത്?

8. കണ്ടെത്താം എഴുതാം.

1. സൂര്യനാണ് ഭൂമിക്ക് ജീവൻ നല്കിയത്.
2. സൂര്യന്റെ ചൂടേറ്റ് ജലാശയങ്ങളിലെ വെള്ളം നീരാവിയായി മാറുന്നതുകൊണ്ടാണ് മഴ പെയ്യുന്നത്.
3. അനേകം വർഷങ്ങൾക്കു മുമ്പ് തഴച്ചു വളർന്നിരുന്ന കാടുകൾ വെള്ളപ്പൊക്കമോ ഭൂകമ്പമോ മൂലം മണ്ണിനടിയിലായി. നീണ്ടകാലം ഉന്നതമർദവും താപവുമേറ്റ് അവ എണ്ണയും കൽക്കരിയുമായി പരിണമിച്ചു.
4. ചൂടുപിടിച്ച വായു ഭാരം കുറഞ്ഞ് ഉയർന്നുപോകുമ്പോൾ ആ സ്ഥലത്തേക്ക് തണുത്ത വായു പ്രവഹിക്കുമ്പോഴാണ് കാറ്റുണ്ടാകുന്നത്.
5. വെള്ളപ്പൊക്കവും ഭൂകമ്പവും മൂലമാണ് കാടുകൾ മണ്ണിനടിയിലായത്.
6. സൂര്യവെളിച്ചം ഇല്ലെങ്കിൽ സസ്യങ്ങൾക്ക് ആഹാരം ഉണ്ടാക്കാൻ കഴിയില്ല. ആഹാരമില്ലെങ്കിൽ സസ്യങ്ങളും മറ്റു ജീവജാലങ്ങളും നശിച്ചുപോകും. മഴ ഉണ്ടാകില്ല. ഇതെല്ലാമാണ് സൂര്യവെളിച്ചമില്ലെങ്കിൽ ഭൂമിയിൽ സംഭവിക്കുന്നത്.

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

1. കാറ്റ് – ശബ്ദം, കാലാവസ്ഥ, ചൂട്, തണുപ്പ്, മഴ, മരങ്ങൾ, വായു, അപകടം.

വാഹനം – നിയമം, തൊഴിലാളി, ഇന്ധനം, ചക്രം, ആളുകൾ, സഞ്ചാരം, റോഡ്, വേഗത.

2. കാറ്റ് – കാറ്റ് കാലാവസ്ഥയെ നിയന്ത്രിക്കുന്നു. ശക്തിയായ കാറ്റടിച്ചാൽ അപകടം ഉണ്ടാകും.

വാഹനം-വാഹനങ്ങളിൽ ആളുകൾ സഞ്ചരിക്കുന്നു. വാഹനം ഓടിക്കുന്നവർ ഗതാഗത നിയമം അറിഞ്ഞിരിക്കണം.

3. 1. സ്റ്റാമ്പ് ശേഖരണം ഒരു ഒഴിവു സമയ വിനോദമാണ്.
   2. ബലൂണിൽ ഹൈഡ്രജൻ വാതകം നിറച്ചാൽ പൊങ്ങിപ്പറക്കും.
   3. സസ്യങ്ങൾ സൂര്യപ്രകാശം ഉപയോഗിച്ച് ആഹാരം നിർമിക്കുന്നു.
   4. വേനൽക്കാലത്ത് സൂര്യന്റെ താപം വർദ്ധിക്കുന്നു.
   5. പഴങ്ങൾക്ക് കട്ടികൂടിയ പുറന്തോടുണ്ട്.
4. 1. കുട്ടികൾ സ്വയം പഠിക്കണം.
   2. ശേഖരൻ സ്വയം സ്കൂളിൽ പോകാൻ തുടങ്ങി.
   3. സോമൻ സ്വയം ജോലി കണ്ടെത്തി.
   4. വിദ്യാർത്ഥികൾ സ്വയം കാര്യങ്ങൾ ചെയ്യണം.
   5. ലത സ്വയം സൈക്കിൾ ചവിട്ടാൻ പരിശീലിപ്പിച്ചു.
5. 1. വാഴക്കന്ന് നടുന്നതിന് മുമ്പ് എന്തൊക്കെ ചെയ്യണം ?
   2. വാഴയ്ക്ക് ചേർക്കേണ്ട വളമെന്ത് ?
   3. വാഴയുടെ ഏതെല്ലാം ഭാഗങ്ങളാണ് കറി വയ്ക്കുന്നത് ?
   4. സദ്യ ഉണ്ണാൻ എന്താണ് ഉപയോഗിക്കുന്നത് ?
   5. എങ്ങനെയുള്ള വാഴക്കന്നാണ് നടേണ്ടത് ?

## അപ്പുവിന്റെ യാത്ര

അഭ്യാസം 1, 2, അഭ്യാസം 9-ലെ ചോദ്യം 4 ഇവയെല്ലാം കുട്ടി സ്വയം കണ്ടെത്തി ചെയ്യേണ്ടതാണ്.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

   രാത്രിയിൽ വൈദ്യുതി വിതരണം നിലച്ചപ്പോൾ കുട്ടി കരയാൻ തുടങ്ങി. ......................... നെ പേടിച്ചായിരിക്കും കരയുന്നത്. അമ്മ ഉടനെ തീപ്പെട്ടി ഉരച്ച് വിളക്ക് കത്തിച്ചു. ...................... കരച്ചിൽ നിന്നു. ......................... വൈദ്യുതി വിതരണം നിലച്ചാൽ ആളുകൾ നന്നേ വിഷമിക്കും.

4. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിതരൂപവും എഴുതൂ.



പൊട്ടണിഞ്ഞ - പൊട്ട് + അണിഞ്ഞ

പോലെയുണ്ട് - പോലെ + ഉണ്ട്

തയ്യാറെടുപ്പിലാണ് - തയ്യാറെടുപ്പിൽ + ആണ്

കരച്ചിലടങ്ങിയപ്പോൾ - കരച്ചിൽ + അടങ്ങി + അപ്പോൾ

തീവണ്ടിയോടൊപ്പം - തീവണ്ടി + ഓട് + ഒപ്പം

നിവർത്തിയിട്ട് - നിവർത്തി + ഇട്ട്

5. ഭക്ഷണം, കണ്ണ്, ആകാശം എന്നിവയുടെ സമാനപദങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി ആ വാക്യങ്ങൾ എഴുതൂ.

   ഭക്ഷണം – ആഹാരം കഴിച്ചവർ തീവണ്ടി മുറിയിൽ ഉറങ്ങാനുള്ള തട്ടുകൾ നിവർത്തിയിട്ട് കിടക്കാൻ ഒരുങ്ങുകയാണ്.

   കണ്ണ് – അച്ഛന്റെ വിളി കേട്ട് അവൻ മിഴി തുറക്കുമ്പോൾ അപരിചിതമായ ഏതോ ഒരു സ്ഥലത്തായിരുന്നു അവർ.

   ആകാശം – പൊട്ടണിഞ്ഞ മാനം തീവണ്ടിയോടൊപ്പം സഞ്ചരിക്കുകയാണ്.

6. അനുയോജ്യമായ എതിർജോഡികളെ കണ്ടെത്തി അവ എഴുതൂ.

   പ്രത്യക്ഷം x അപ്രത്യക്ഷം

   മുന്നോട്ട് x പിന്നോട്ട്

   ചെറിയ x വലിയ

   ജ്യേഷ്ഠത്തി x അനുജത്തി

7. പാഠം വായിച്ച് നമ്പറിട്ട് ക്രമീകരിച്ച് എഴുതൂ.

   അപ്പു പുറത്തേക്ക് നോക്കി.

   ഇപ്പോൾ പശ്ചിമാകാശത്ത് അസ്തമിക്കാറായ സൂര്യനെ കാണാം.

   നോക്കിയിരിക്കെ പൊടുന്നനെ പുറത്ത് ഇരുട്ട് പരക്കാൻ തുടങ്ങി.

   കുഞ്ഞിനെ കുറച്ചുനേരം കളിപ്പിച്ചു.

   എല്ലാവരും ഉറക്കത്തിലാണ്.

8. പാഠഭാഗം വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.

   1. ആകാശത്ത് കണ്ട വലിയ കുങ്കുമപ്പൊട്ട് എന്തായിരുന്നു?
   2. അപ്പുവിനോടൊപ്പം കൂട്ടിന് ആരൊക്കെയാണ് ഉണ്ടായിരുന്നത്?

3. രാത്രി ഭക്ഷണം എന്നതിന്റെ സമാനപദം ഏത്?
4. അപ്പുവിനെ ഉറക്കത്തിൽ നിന്ന് ഉണർത്തിയത് ആര്?
5. യാത്രക്കാർ എന്ത് പറഞ്ഞാണ് രസിച്ചത്?

9. കണ്ടെത്താം എഴുതാം.

1. പശ്ചിമാകാശത്താണ് അസ്തമിക്കാറായ സൂര്യനെ അപ്പു കണ്ടത്.
2. തീവണ്ടിക്കുള്ളിൽ നിറയെ യാത്രക്കാർ, കുട്ടികൾ, സ്ത്രീകൾ, വൃദ്ധന്മാർ തുടങ്ങി എല്ലാ പ്രായത്തിലുള്ളവരുമുണ്ട്. ചിലർ തമാശകൾ പറഞ്ഞ് രസിക്കുകയാണ്. ചിലരുടെ കണ്ണുകളിൽ നിദ്ര തൂങ്ങുന്നുണ്ട്. മറ്റു ചിലർ ഭക്ഷണം കഴിക്കാനുള്ള തയ്യാറെടുപ്പിലാണ്. ആഹാരം കഴിച്ചവർ തീവണ്ടി മുറിയിലെ ഉറങ്ങാനുള്ള തട്ടുകൾ നിവർത്തിയിട്ട് കിടക്കാൻ ഒരുങ്ങുകയാണ്.
3. മറ്റൊരു തീവണ്ടി വലിയ ശബ്ദമുണ്ടാക്കി പാഞ്ഞുപോയ ബഹളം കേട്ടാണ് അപ്പുവിന്റെ അനുജത്തി കരഞ്ഞത്.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. കുഞ്ഞ് - ഉറക്കം, കളി, പുഞ്ചിരി, അമ്മ, അച്ഛൻ, ഉടുപ്പ്, ആഹാരം, കരച്ചിൽ.

യാത്രക്കാരൻ - ദൂരം, പുറപ്പെടൽ, ഭക്ഷണം, ടിക്കറ്റ്, തീവണ്ടി, ബാഗ്, സീറ്റ്, സ്ഥലം.

2. 1. കുഞ്ഞ് എപ്പോഴും പുഞ്ചിരിക്കാറുണ്ട്.
2. അമ്മ കുഞ്ഞിനെ താലോലിച്ചു.
3. തീവണ്ടിയിൽ കയറുന്നതിനു മുമ്പായി യാത്രക്കാരൻ ടിക്കറ്റ് വാങ്ങി.
4. യാത്രക്കാരൻ ഭാരമുള്ള ബാഗുമായി തീവണ്ടിയിൽ കയറി.

3. 1. വൈദ്യുതി നിലച്ചപ്പോൾ എങ്ങും <u>അന്ധകാരമായി.</u>
2. പഞ്ചേന്ദ്രിയങ്ങളിൽ പ്രധാനപ്പെട്ടത് <u>മിഴികളാണ്.</u>
3. <u>പശ്ചിമാകാശത്താണ്</u> സൂര്യൻ അസ്തമിക്കുന്നത്.
4. <u>അത്താഴത്തിന്</u> കട്ടിയായ ഭക്ഷണമരുത്.
5. മനുഷ്യന് <u>സഞ്ചരിക്കാതെ</u> ജീവിക്കാൻ കഴിയില്ല.

4. 1. മനുഷ്യൻ ആദ്യകാലത്ത് സഞ്ചരിക്കുന്നതെങ്ങനെ ?



2. ആദ്യത്തെ വാഹനമേത് ?
3. കരയിലൂടെ സഞ്ചരിക്കുന്ന വാഹനങ്ങൾ ഏതെല്ലാം ?
4. ജലത്തിലൂടെ പോകുന്ന വാഹനങ്ങൾ ഏതെല്ലാം ?
5. ആകാശത്തിലൂടെ പോകുന്ന വാഹനങ്ങൾ ഏതെല്ലാം ?

5. 1. പള്ളിക്കൂടത്തിൽ പോയകുട്ടി.
2. ഓഫീസിൽ പോയ അമ്മ.
3. കടയിൽ പോയ അച്ഛൻ.

## വണ്ടിനോട്

അഭ്യാസം 1, 2, 5 കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി - അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

വസന്തമായാൽ <u>വണ്ടിന്റെ</u> വരവായി. വിരിഞ്ഞു നിൽക്കുന്ന പൂവുകൾതോറും ...................... പറന്നെത്തി തേൻ കുടിക്കുന്നു. തേനുണ്ണാൻ എത്തുന്ന ...................... കാത്താണ് പൂക്കളുടെ നില്പ്. പൂവും ...................... വിട്ടുപിരിയാനാവാത്ത ചങ്ങാതിമാരാണ്. <u>കുയിലിനും</u> വണ്ടിനും നിറം കറുപ്പു തന്നെ. വണ്ട് പാട്ട് മൂളുമ്പോൾ ................... മധുരമായി പാടുന്നു. തളിരിലകളാണ് ...................... ഇഷ്ടമായ ആഹാരം.

4. പൂവ് , തേൻ എന്നീ പദങ്ങളുടെ സമാനപദങ്ങൾ വരുന്ന വരികൾ കണ്ടെത്തി എഴുതൂ.

പൂവ്, തേൻ - മലരിലെ മധുവാം പലഹാരം.

6. കണ്ടെത്താം എഴുതാം.

1. വിരിയുന്ന പൂവിലേക്കാണ് വണ്ടിനെ വിളിക്കുന്നത്.
2. തേനാണ് പൂവിലെ പലഹാരം.
3. തേന്മാവിലിരുന്നാണ് കുയിൽ കൂകുന്നത്.
4. തേൻ അധികം കുടിച്ചാൽ ലഹരി പിടിച്ച് ഉറക്കം തുടങ്ങും.
5. ശ്രദ്ധിച്ചില്ലെങ്കിൽ പൂച്ചെടിയിലുള്ള ചെറുമുള്ളുകൾ കൊണ്ട് ചിറകിന് മുറിവുണ്ടാകും.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. പൂവ് - ഇതൾ, പൂന്തോട്ടം, മാല, നിറം, മണം, തേൻ, ചെടി, വണ്ട്.

കുയിൽ - മരം, ധാന്യം, ആകാശം, പക്ഷി, കൂട്, പാട്ട്, ശബ്ദം, കറുപ്പ്.

2. 1. പൂന്തോട്ടത്തിൽ പലതരം പൂക്കൾ കാണാം.
   2. പൂവിലെ തേൻ നുണയാൻ വണ്ട് എത്താറുണ്ട്.
   3. കുയിലിന്റെ പാട്ട് മധുരമുള്ളതാണ്.

3. 1. എന്തിനാണ് വണ്ടിനെ വിളിക്കുന്നത്?
   2. പനിനീർപൂവിന്റെ പ്രത്യേകത എന്ത്?
   3. മലരിലെ പലഹാരം എന്താണ്?
   4. പൂച്ചെടിയിൽ എന്താണുള്ളത്?
   5. കുയിൽ കൂകുന്നത് എവിടെയാണ്?

4. എല്ലാ പൂന്തോട്ടങ്ങളിലും പറന്നുചെന്ന് തേൻ കുടിക്കും. പൂക്കളെ ഇഷ്ടപ്പെടുന്നവർക്ക് പൂന്തോട്ടത്തിലേക്കുള്ള വഴി കാണിച്ചുകൊടുക്കും.

5. ജമന്തി, മുല്ല, മന്ദാരം, പാരിജാതം, വാടാമല്ലി.

   ജമന്തിപ്പൂവിന് മഞ്ഞനിറമാണ്. ജമന്തിച്ചെടി എല്ലായിടത്തും വളരും. മുല്ല വള്ളിയിലാണ് മുല്ലപ്പൂവ് വിടരുന്നത്. നല്ല മണമാണ്. വാടാമല്ലിപ്പൂവ് കാണാൻ നല്ല ചന്തമുണ്ട്. ഈ ചെടി എല്ലായിടത്തും വളരുന്നു.

6. രണ്ടാം പൂവിനെന്തു നിറം ?

   രണ്ടാംപൂവിനു മഞ്ഞനിറം.

   മൂന്നാം പൂവിനെന്തു നിറം ?

   മൂന്നാം പൂവിനു ചുവപ്പുനിറം.

## വാർത്തകൾ

അഭ്യാസം 1, 2, 7, 8, 9, 10, 11. കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി -

   അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

   1. ആനയെ കാണാത്തവർ കേരളത്തിൽ ഉണ്ടാകില്ല. നെറ്റിപ്പട്ടമണിഞ്ഞ ........................ ഉത്സവങ്ങൾക്ക് മാറ്റ് കൂട്ടുന്നു.



തൃശൂർ പൂരത്തിന് നെറ്റിപ്പട്ടമണിഞ്ഞ് നിരന്നു നിൽക്കുന്നതു കാണാൻ എന്തു ഭംഗിയാണ്. ........................ കൊമ്പിന് നല്ല വിലയുണ്ട്.

   2. വിലകൂടിയ ഒരു ലോഹമാണ് സ്വർണം. ആഭരണങ്ങൾ ഉണ്ടാക്കാൻ ........................ ഉപയോഗിക്കുന്നു. ............................ തിളങ്ങുന്ന മഞ്ഞനിറമാണ്. സ്ത്രീകളും കുട്ടികളുമാണ് .................... ആഭരണങ്ങൾ കൂടുതൽ ഉപയോഗിക്കുന്നത്.

4. അനുയോജ്യമായ എതിർപദജോഡികളെ കണ്ടെത്തി അവ നോട്ട്ബുക്കിലെഴുതൂ.

   ഉയർന്നു x താഴ്ന്നു

   പിന്നിൽ x മുന്നിൽ

5. ഓരോ വാർത്തയിൽ നിന്നും ചോദ്യങ്ങൾ കണ്ടെത്തി എഴുതൂ.
   1. ശ്രീ ശങ്കരനാരായണ ക്ഷേത്രത്തിൽ ആനകൾ എപ്പോഴാണ് ഭീതി പരത്തിയത്?
   2. ഒരു പവൻ സ്വർണത്തിന്റെ വിലയെന്ത്?
   3. ജില്ലാ കലോൽസവം നടന്നത് എവിടെയാണ്?
   4. വിദ്യാർഥികൾ എടുത്ത പ്രതിജ്ഞയെന്ത്?
   5. കലോൽസവത്തിൽ പോയിന്റ് നേടിയ ജില്ലകൾ ഏതെല്ലാം?

6. കണ്ടെത്താം എഴുതാം.
   1. ശ്രീഹരി, ഗജേന്ദ്രൻ എന്നീ ആനകളാണ് പൂരത്തിന് എത്തിയത്.
   2. ശ്രീശങ്കരനാരായണ ക്ഷേത്രത്തിൽ പൂരത്തിനായി എത്തിയ രണ്ടാനകൾ കൊമ്പുകോർത്തതാണ് ഉൽസവപ്പറമ്പിൽ ഭീതി പരക്കാൻ കാരണമായത്.
   3. വിവരമറിഞ്ഞ് പോലീസാണ് സ്ഥലത്തെത്തിയത്.
   4. ജില്ലാ കലോൽസവത്തിൽ 197 പോയിന്റോടെ ആലുവ വിദ്യാഭ്യാസ ജില്ലയാണ് മുന്നിലായത്.
   5. കുറഞ്ഞ പോയിന്റ് തൃപ്പൂണിത്തുറ വിദ്യാഭ്യാസ ജില്ലയ്ക്കാണ്.
   6. ശുചിത്വകേരളം സുന്ദരകേരളം എന്ന പരിപാടിയോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും വിവിധ

ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ സർക്കാർ നിർദേശം നൽകി.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. ആന – പാപ്പാൻ, പഴം, ഉത്സവം, കാട്, പനയോല, കൊമ്പ്, തുമ്പിക്കൈ, കറുപ്പ്.

   സ്വർണം – സ്ത്രീകൾ, വില്പന, പണം, കല്യാണം, ആഭരണം, തൊഴിലാളി, വില, കട.

2. ആന – ആനയുടെ ഇഷ്ടാഹാരമാണ് പനയോല. പാപ്പാനാണ് ആനയെ നിയന്ത്രിക്കുന്നത്.

   സ്വർണം – സ്വർണം വിലകൂടിയ ലോഹമാണ്. സ്വർണക്കടകളിൽ നിന്നാണ് നാം ആഭരണങ്ങൾ വാങ്ങുന്നത്.

3. 1. സംശയം ജനിപ്പിക്കുന്ന വിധത്തിൽ പെരുമാറുന്നവരെ സൂക്ഷിക്കണം.
   2. ശുചിത്വബോധം കുട്ടികളിൽ വളർത്തിയെടുക്കണം.
   3. ഭീതി ഉണ്ടാക്കുന്ന രംഗങ്ങൾ കുട്ടികൾ കാണരുത്.
   4. അനുയോജ്യമായ രീതിയിൽ സംഘടിപ്പിക്കുമ്പോഴാണ് ഓരോ പരിപാടിയും വിജയിക്കുന്നത്.

4. അധ്യാപകരുടെ നിർദേശങ്ങൾ വിദ്യാർത്ഥികൾ അനുസരിക്കണം.

   വിദ്യാലയങ്ങളിൽ നിർദേശങ്ങൾ നൽകുന്നത് പ്രധാന അധ്യാപികയും അധ്യാപകരുമാണ്.

   ഡോക്ടറുടെ നിർദേശങ്ങൾ അനുസരിച്ചാണ് മരുന്നു കഴിക്കേണ്ടത്.

   മാതാപിതാക്കളുടെ നിർദേശങ്ങൾ ചില കുട്ടികൾ പാലിക്കാറില്ല.

5. 1. എവിടെയാണ് മോഷണം നടന്നത് ?
   2. മോഷ്ടാക്കൾ എങ്ങനെയാണ് രക്ഷപ്പെട്ടത് ?
   3. ആരായിരുന്നു മോഷ്ടാക്കൾ ?
   4. എന്തെല്ലാമാണ് മോഷ്ടിച്ചത് ?
   5. ആരുടെ വീട്ടിലാണ് മോഷണം നടന്നത് ?

## പഞ്ഞിപ്പന്തുകൾ

അഭ്യാസം 1, 2, 11. കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.



3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

   ഉണ്ണിയുടെ <u>ചുണ്ടിൽ</u> പുഞ്ചിരി വിരിയുന്നതുകണ്ട് അമ്മയുടെ ................................ ചെറുചിരി വിടർന്നു. കുഞ്ഞിന്റെ നിഷ്കളങ്കമായ പുഞ്ചിരി കണ്ടാൽ ആരുടെ .............................. മന്ദസ്മിതം വരാത്തത്.

   വൃക്ഷക്കൊമ്പിൽ തൂങ്ങുന്ന കുരുവിയുടെ <u>കൂട്</u> കണ്ടപ്പോൾ ബാബുവിന് വിസ്മയമായി. അവനൊരു കമ്പെടുത്ത് ...................... ഒന്നനക്കി. പെട്ടെന്ന് ...................... നിന്ന് തള്ളക്കുരുവി പറന്നു പോയി.

4. അനുയോജ്യമായ എതിർപദജോഡികളെ കണ്ടെത്തി എഴുതൂ.

| | | |
|---|---|---|
| കരയുക | x | ചിരിക്കുക |
| വാങ്ങുക | x | വിൽക്കുക |
| അന്ത്യം | x | ആദ്യം |
| രാത്രി | x | പകൽ |
| ചൂട് | x | തണുപ്പ് |

5. ഒറ്റപ്പദമെഴുതാമോ?

   മാതാപിതാക്കൾ

6. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിതരൂപവും എഴുതൂ.

| | | |
|---|---|---|
| കോഴിക്കുഞ്ഞുങ്ങൾ | – | കോഴി + കുഞ്ഞുങ്ങൾ |
| അമ്മയുമച്ഛനും | – | അമ്മയും + അച്ഛനും |
| ബാക്കിയുണ്ടായിരുന്നതും | – | ബാക്കി + ഉണ്ടായിരുന്നതും |
| കരച്ചിലടക്കി | – | കരച്ചിൽ + അടക്കി |
| ചെടികൾക്കരികിലായി | – | ചെടികൾക്ക് + അരികിലായി |

7. കഥയിലെ ചില സംഭവങ്ങളാണ് കൊടുത്തിരിക്കുന്നത്. കഥ വായിച്ച് ആ സംഭവങ്ങളുടെ ക്രമത്തിനനുസരിച്ച് നമ്പറിടൂ.
   1. അവ കീയോ കീയോ ശബ്ദമുണ്ടാക്കിക്കൊണ്ട് കൂടിനുള്ളിൽ തിക്കിത്തിരക്കുന്നു.
   2. ഇളം മഞ്ഞപ്പൂടയുള്ള കുഞ്ഞിക്കോഴികൾ അവന്റെ മനം കവർന്നു.

3. അടുത്ത ദിവസം അപ്പുവിന്റെ അച്ഛൻ ഒരു കോഴിക്കൂട് ശരിയാക്കി വൈദ്യുത ബൾബ് ഘടിപ്പിച്ചു.
4. നാലാം ദിവസം അവയിലൊന്നിന്റെ ചലനം നിലച്ചു.
5. കരഞ്ഞുപോകാതിരിക്കാൻ അവൻ ചുണ്ടുകൾ കടിച്ചുപിടിച്ചു.

8. താഴെ കൊടുത്തിരിക്കുന്ന ഓരോ അക്ഷരവും വരുന്ന എത്ര പദങ്ങൾ എഴുതാം. ആ പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കൂ.

ന്ധ – നിർബന്ധം – അപ്പു നിർബന്ധിച്ചപ്പോൾ അച്ഛൻ കോഴിക്കുഞ്ഞുങ്ങളെ വാങ്ങി.

ന്ദ – അഭിനന്ദനം – കൂടുതൽ മാർക്ക് വാങ്ങിയ കുട്ടിയെ അധ്യാപകൻ അഭിനന്ദിച്ചു.

ങ്ങ – മാങ്ങ – മഞ്ഞ നിറമുള്ള മാങ്ങകൾ മാവിൽ നിറഞ്ഞു.

9. കഥ വായിച്ച് സ്വന്തമായി ചോദ്യങ്ങൾ നിർമിക്കൂ.
1. കോഴിക്കുഞ്ഞുങ്ങൾ എങ്ങനെയുള്ളതായിരുന്നു ?
2. കോഴിക്കൂട്ടിൽ വൈദ്യുത ബൾബ് ഘടിപ്പിച്ചത് ആര്?
3. എവിടെയാണ് കോഴിക്കുഞ്ഞുങ്ങളെ വില്പനയ്ക്ക് വച്ചിരുന്നത്?
4. കരഞ്ഞുപോകാതിരിക്കാൻ അപ്പു എന്താണ് ചെയ്തത്?
5. സങ്കടം വരുമ്പോൾ കണ്ണിൽ നിറയുന്നത് എന്ത്?

10. കണ്ടെത്താം എഴുതാം.
1. ഉൽസവപ്പറമ്പിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ വാങ്ങിക്കുവാനാണ് അപ്പു നിർബന്ധം പിടിച്ചത്.
2. കോഴിക്കുഞ്ഞുങ്ങൾക്ക് ചൂടു കിട്ടാനാണ് കൂടിനുള്ളിൽ വൈദ്യുത ബൾബ് ഘടിപ്പിച്ചത്.
3. കോഴിക്കുഞ്ഞുങ്ങളിൽ ഒന്നിന്റെ ചലനം നാലാം ദിവസം നിലച്ചു. അഞ്ചാം ദിവസം ബാക്കിയുണ്ടായിരുന്നതും യാത്രയായി.
4. കോഴിക്കുഞ്ഞുങ്ങളുടെ ജീവനില്ലാത്ത ശരീരം കണ്ടപ്പോഴാണ് അപ്പുവിന് സങ്കടം തോന്നിയത്.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. വീട് – സൈക്കിൾ, കാർ, സ്കൂട്ടർ, മുറികൾ, അടുക്കള, ശുചിത്വം, കസേര, ടെലിവിഷൻ.

ആകാശം – നീരാവി, വിമാനം, മഴ, പക്ഷികൾ, നക്ഷത്രം, സൂര്യൻ, ചന്ദ്രൻ, മേഘം.



2. ആകാശത്തിലൂടെയാണ് വിമാനം പറക്കുന്നത്.

ജലം നീരാവിയായി ആകാശത്തിൽ വച്ച് തണുക്കുമ്പോഴാണ് മഴ ഉണ്ടാകുന്നത്.

വീട് ശുചിത്വമുള്ളതായിരിക്കണം.

വീട്ടുമുറികൾ നിത്യവും തൂത്തുവാരണം.

3. 1. ചലനമറ്റ കോഴിക്കുഞ്ഞിനെ കണ്ടപ്പോൾ അപ്പുവിന് സങ്കടം വന്നു.
2. നഴ്സുമാർ രോഗികളെ ശുശ്രൂഷിക്കുന്നു.
3. വിറങ്ങലിച്ചു പോകുന്ന തണുപ്പിൽ അവന് ഉറങ്ങാൻ കഴിഞ്ഞില്ല.
4. കുട്ടിയുടെ നിർബന്ധത്തിനു വഴങ്ങാൻ അമ്മ തയ്യാറായില്ല.
5. വൈദ്യുതി നിലച്ചതോടെ ഫാൻ നിശ്ചലമായി.

4. കരയിലിരുന്ന് വെള്ളത്തിൽ കാലിട്ടടിച്ചു രസിച്ചുകൊണ്ടിരുന്ന സൈനബയുടെ കുഞ്ഞനിയൻ പെട്ടെന്ന് വെള്ളത്തിലേക്ക് വീണു. അവനെ രക്ഷിക്കാനായി സൈനബ വെള്ളത്തിലേക്ക് എടുത്തുചാടി. സൈനബയും കുഞ്ഞനിയനും വെള്ളത്തിൽ മുങ്ങിത്താഴുന്നത് കണ്ടുകൊണ്ട് ലീന അതുവഴി വന്നു. സ്വന്തം ജീവനെപ്പോലും കണക്കാക്കാതെ അവൾ വെള്ളത്തിലേക്ക് എടുത്തുചാടി നീന്തിച്ചെന്ന് രണ്ടുപേരെയും രക്ഷപ്പെടുത്തി.

5. നാലാം ദിവസം അവയിലൊന്നു ചത്തു. അഞ്ചാംദിവസം ബാക്കിയുണ്ടായിരുന്നതും ചത്തു.

## മാവേലിയുടെ കാലം

അഭ്യാസം 1, 2, 6, അഭ്യാസം 3-ലെ ചോദ്യം 3. കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. കണ്ടെത്താം എഴുതാം.
1. മാവേലിയുടെ കാലത്താണ് മനുഷ്യർ ഒരുമയോടെ ജീവിച്ചത്.
2. മാവേലിയുടെ കാലത്ത് എല്ലാവർക്കും സന്തോഷമായിരുന്നു. ദുഃഖവും രോഗവും ഇല്ലായിരുന്നു. ശിശുമരണങ്ങൾ

ഉണ്ടായില്ല. ദീർഘായുസ്സോടെ ആളുകൾ ജീവിച്ചു. പത്തായങ്ങൾ ധാന്യങ്ങൾ കൊണ്ടുനിറഞ്ഞു. എല്ലാ കൃഷികളും നല്ല വിളവു നൽകി. ദുഷ്ടന്മാർ ഉണ്ടായിരുന്നില്ല. മായം ചേർക്കാത്ത സ്വർണംകൊണ്ടുള്ള ആഭരണങ്ങളണിഞ്ഞ് സ്ത്രീകളും കുട്ടികളും കഴിഞ്ഞ കാലത്ത് കള്ളവും ചതിയും ഇല്ലായിരുന്നു.

4. മാവേലി വാണ കേരളവും ഇപ്പോഴത്തെ കേരളവും തമ്മിൽ എന്തെല്ലാം വ്യത്യാസങ്ങളുണ്ട്?

   മാവേലിയുടെ കാലത്ത് എല്ലാവർക്കും സന്തോഷമായിരുന്നു. ഇന്ന് തൊഴിൽ ഇല്ലായ്മയും പട്ടിണിയും മൂലം ഒരു വിഭാഗം ആളുകൾ ദുഃഖത്തിലാണ്. ശിശുമരണങ്ങൾ കുറവാണെങ്കിലും ധാരാളം ആളുകൾ ദിവസവും ഇപ്പോൾ മരിക്കുന്നുണ്ട്. മാവേലി ഭരിക്കുമ്പോൾ എല്ലാവർക്കും വീടുണ്ടായിരുന്നു. എന്നാൽ ഇന്ന് ഒത്തിരിയാളുകൾക്ക് സ്വന്തമായി വീടില്ല. രോഗവും ദുഃഖവും മൂലം ഇന്ന് ആളുകൾ നിവൃത്തിയില്ലാതായിട്ടുണ്ട്. മരുന്നിലും ഭക്ഷണത്തിലും സ്വർണത്തിലും ഇന്ന് മായങ്ങളുണ്ട്. അനീതിയും കള്ളവും ചതിയും ഇന്ന് സർവസാധാരണമാണ്.

5. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

   ആലയം പണിയാൻ ഭൂമി വേണം. ............................ പണിയുന്ന ........................... ഐശ്വര്യമായി നാരി വേണം. ..................... ന്റെ വിളക്കാണ് ..................... . ........................ പോലെ ....................ന് ക്ഷമവേണം. എങ്കിൽ ............................ സ്വർഗമാകും.

7. താഴെ ഓണവുമായി ബന്ധമുള്ള പദങ്ങൾ കൊടുത്തിരിക്കുന്നു. ഓണത്തെപ്പറ്റി ഒരു വിവരണം തയ്യാറാക്കൂ.

   ചിങ്ങമാസത്തിലാണ് കേരളീയർ ഓണം ആഘോഷിക്കുന്നത്. അത്തം മുതൽ പത്തുദിവസമാണ് ഓണാഘോഷം. അത്തംമുതൽ വീട്ടുമുറ്റങ്ങളിൽ പൂക്കളമിടുന്നു. ഓണാഘോഷത്തോടനുബന്ധിച്ചുള്ള വിനോദങ്ങളാണ് വള്ളം കളിയും പുലികളിയും. മഹാബലി ചക്രവർത്തിയുടെ സദ്ഭരണത്തിന്റെ ഓർമയാണ് ഓണാഘോഷത്തിന് അടിസ്ഥാനം. തിരുവോണദിവസം എല്ലാവരും ഓണക്കോടി ഉടുത്ത് ഓണസദ്യയും കഴിച്ച് ഓണവിനോദങ്ങളിൽ ഏർപ്പെടുന്നു.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**



1. രാജാവ് – സേവകർ, ജനങ്ങൾ, രാജ്യം, കൊട്ടാരം, മന്ത്രിമാർ, സിംഹാസനം, കല്പന, കുതിര.

   പൂക്കളം – ഉത്സവം, നിറങ്ങൾ, രൂപങ്ങൾ, പൂക്കൾ, ഓണം, മാവേലി, വീട്, കുട്ടികൾ.

2. രാജാവ് ഭരണകാര്യങ്ങളിൽ സമർത്ഥനായിരിക്കണം. രാജ്യത്തിന്റെ ക്ഷേമം ആയിരിക്കണം രാജാവിന്റെ ലക്ഷ്യം. വീട്ടുമുറ്റങ്ങളിലാണ് പൂക്കളം ഇടുന്നത്. വിവിധ നിറങ്ങളിലുള്ള പൂക്കൾ അനുയോജ്യമായ രീതിയിൽ ചേർത്താണ് പൂക്കളം ഇടേണ്ടത്.

3. 1. കനകാഭരണങ്ങൾക്ക് വില കൂടുതലാണ്.
   2. പകർച്ചവ്യാധികൾ സൂക്ഷിച്ചില്ലെങ്കിൽ എല്ലായിടത്തും പടർന്നു പിടിക്കും.
   3. ആധിയില്ലാതെ മനുഷ്യജീവിതമില്ല.
   4. ആലയം ശുചിയായി സൂക്ഷിക്കണം.
   5. എള്ളോളം വിഷംമതി ഭക്ഷണം ചീത്തയാകാൻ.

4. പത്തായം – നെല്ല്    കൃഷി – വയൽ    മാവേലി – രാജാവ്

   സ്വർണം – ആഭരണം    പറ – അളവ്

5. ആപത്തങ്ങാർക്കുമൊട്ടില്ല താനും

   ആധികൾ വ്യാധികൾ കേൾപ്പാനില്ല.

   പത്തായിരമാണ്ടിരിപ്പുമുണ്ട്.

6. തിന്മ ചെയ്തവർക്ക് കഠിനശിക്ഷ നൽകിയും ജനങ്ങളുടെ ഇടയിൽ ദൂതന്മാരെ അയച്ച് വിവരങ്ങൾ ശേഖരിച്ചുമായിരിക്കും മാവേലി നല്ലഭരണം നടത്തിയത്.

## ചിലന്തിയുടെ കഥ

അഭ്യാസം 1, 2 അഭ്യാസം 9 ലെ ചോദ്യം 4 എന്നിവയെല്ലാം കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

   വസ്ത്രം പലവിധമുണ്ട്. തുണിക്കടയിൽ ചെന്നാൽ നമുക്കവിടെ പലതരത്തിലുള്ള ...................... കാണാൻ കഴിയും. സ്ത്രീകളാണ് .............................. തിരഞ്ഞെടുക്കാൻ മിടുക്ക് കാട്ടാറ്.

4. താഴെ കൊടുത്തിരിക്കുന്ന അക്ഷരങ്ങൾകൊണ്ട് എത്ര പദങ്ങൾ എഴുതാം.

ങ്ക - പങ്കം, തങ്കം, സങ്കടം

ത്സ - വത്സല, മത്സ്യം, വാത്സല്യം

ഥ - രഥം, കഥകളി, കഥാപ്രസംഗം

5. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിതരൂപവും എഴുതൂ.

അതിമനോഹരമായി - അതി + മനോഹരം + ആയി

കേട്ടറിഞ്ഞ് - കേട്ട് + അറിഞ്ഞ്

ദേവതയുണ്ടായിരുന്നു - ദേവത + ഉണ്ടായിരുന്നു

അടുത്തെത്തി - അടുത്ത് + എത്തി

6. വാക്യങ്ങൾ വാക്യങ്ങൾ

ചന്ത, ചളി

മഴ പെയ്തപ്പോൾ ചന്തയിൽ ചളി നിറഞ്ഞു.

നിഷ, ചന്ത

നിഷ ചന്തയിൽ പോയി.

ദിനം, ചിന്ത

ഓരോ ദിനവും നാം ചിന്തിക്കണം.

7. അനുയോജ്യമായ എതിർപദ ജോഡികളെ കണ്ടെത്തി എഴുതൂ.

വിജയം x പരാജയം

അടുത്ത് x ദൂരെ

നിഷ്പ്രയാസം x പ്രയാസം

8. കഥ വായിച്ച് സ്വന്തമായി ചോദ്യങ്ങൾ നിർമിച്ച് എഴുതൂ.

1. ഏതു രാജ്യത്തെ രാജകുമാരിയാണ് അരാക്നെ?
2. ആരാണ് അരാക്നെയുടെ അടുത്തെത്തിയത്?
3. അരാക്നെയുടെ വെല്ലുവിളി എന്തായിരുന്നു?
4. പരാജയത്തിൽ മനംനൊന്ത് അഥീന എന്താണ് ചെയ്തത്?
5. ചെയ്ത തെറ്റിന് പരിഹാരമായി അഥീന എന്താണ് ചെയ്തത്?

9. കണ്ടെത്താം എഴുതാം



1. അരാക്നെ എന്നാൽ ഗ്രീക്കു ഭാഷയിൽ എട്ടുകാലി എന്നാണർത്ഥം.
2. അരാക്നെയും അഥീനയുമാണ് ഈകഥയിലെ കഥാപാത്രങ്ങൾ.
3. അതിമനോഹരമായി തുണിനെയ്തിരുന്നു അരാക്നെ. തുന്നലിലും തുണിനെയ്ത്തിലും തന്നെ ജയിക്കാൻ ആരുമില്ലെന്ന് അരാക്നെ അഹങ്കരിച്ചു.
5. അരാക്നെയാണ് എട്ടുകാലിയായി പുനർജനിച്ചത്.

10. ചിലന്തിയും ഓരോ പദവും തമ്മിൽ ബന്ധിപ്പിച്ച് വാക്യങ്ങൾ നിർമിക്കൂ.

ചിലന്തിക്ക് എട്ട് കാലുകളുണ്ട്. അതിനാൽ ചിലന്തിയെ എട്ടുകാലിയെന്നും വിളിക്കാറുണ്ട്. അവ പലതരമുണ്ട്. ചിലന്തികൾക്ക് വിഷമുണ്ട്. അവ വലകെട്ടി ഇരയെപിടിക്കുന്നു. വെളുത്ത് വൃത്താകൃതിയിലാണ് ചിലന്തിമുട്ട.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. മുറി - ഉറക്കം, പഠനം, വീട്, തറ, പെയിന്റ്, ജനൽ, വാതിൽ, ഭക്ഷണം, ഉറക്കം.

കസേര - തറ, വീട്, മനുഷ്യൻ, മരം, മരപ്പണിക്കാർ, തടി, ഉളി, മേശ.

2. ഒരു വീടിനെ പലമുറികളായി തിരിച്ചിരിക്കും. ഉറങ്ങാനും പഠിക്കാനും ഭക്ഷണം കഴിക്കാനും വ്യത്യസ്തമുറികൾ വേണം.

തടികൊണ്ടാണ് സാധാരണ കസേര ഉണ്ടാക്കുന്നത്. മിക്ക വീടുകളിലും കസേര കാണാം.

3.
1. പരീക്ഷയിൽ പരാജയപ്പെട്ട റീന നന്നായി പഠിക്കാൻ തുടങ്ങി.
2. തന്നോടൊപ്പം ഓട്ടമത്സരത്തിൽ ഏർപ്പെടാൻ അഹങ്കാരിയായ വാസു ജോസഫിനെ വെല്ലുവിളിച്ചു.
3. കേരളീയർക്ക് മനോഹരമായ പുടവയോടാണ് ഇഷ്ടം.
4. സുഹൃത്ത് അപകടത്തിൽപ്പെട്ടെന്നറിഞ്ഞപ്പോൾ ഹേമ മനം നൊന്തുകരഞ്ഞു.
5. അഹങ്കാരം ആപത്താണ്.

4. മത്സരത്തിൽ - പരജായപ്പെട്ടു.

ജീവൻ - വെടിഞ്ഞു

വലനെയ്യുന്ന - എട്ടുകാലി

രാജകുമാരിയാണ് - അരാക്നെ

വലിച്ചുകീറിയ - പട്ടുചേല

5. ഒരു ദിവസം ഉപ്പായി മുതലാളി വേലക്കാരനായ മരമണ്ടൻ മല്ലനെ കുറച്ച് മൺപാത്രങ്ങൾ വാങ്ങിക്കൊണ്ടുവരാൻ ചന്തയിലേക്ക് അയച്ചു. മല്ലൻ മൺപാത്രങ്ങൾ വാങ്ങി കുട്ടയിലാക്കി. അതു തല യിലേറ്റി വീട്ടിലെത്തിയ മല്ലൻ ചുമട് മുറ്റത്തേക്കിട്ടു. ശബ്ദം കേട്ട് ഉപ്പായി പുറത്തുവന്നപ്പോൾ മൺപാത്രങ്ങളെല്ലാം തവിടുപൊടി യായി കിടക്കുന്നതാണ് കണ്ടത്.

6. പല്ലി - 1. വീടുകളിൽ കാണുന്ന ഒരു ജീവിയാണ് പല്ലി (ഗൗളി).
   2. ചെറിയ പ്രാണികളാണ് ഇവയുടെ ആഹാരം.
   3. ചുമരിലൂടെ സഞ്ചരിച്ചാണ് ഇവ ഇരപിടിക്കുന്നത്.
   4. ഇവ മനുഷ്യനെ ഉപദ്രവിക്കാറില്ല.

## കാക്കയുടെ കാര്യം

അഭ്യാസം 1, 2, 9 കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിതരൂപവും എഴുതൂ.

   വീട്ടിലെത്തിയാൽ - വീട്ടിൽ + എത്തിയാൽ

   തട്ടിയെടുത്ത് - തട്ടി + എടുത്ത്

   ചുള്ളിക്കമ്പുകൾ - ചുള്ളി + കമ്പുകൾ

   മുട്ടയിടുന്നത് - മുട്ട + ഇടുന്നത്

   പൊതിക്കെട്ട് - പൊതി + കെട്ട്

4. ഒന്നിന് ഒത്തിരി - അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

   എല്ലായിടത്തുമുണ്ട് കാക്കകൾ. നമ്മുടെ പരിസരം വൃത്തിയാക്കുന്നവരാണ് ........................ . ആഹാരത്തിന്റെ ബാക്കിയെല്ലാം കൊത്തിത്തിന്ന് ......................... വയറു നിറയ്ക്കുന്നു. ....................... പാഴാക്കിക്കളയുന്നത് തെറ്റാണെങ്കിലും അവ ........................... പ്രയോജനപ്പെടുന്നു. എത്രയെത്ര കുട്ടികളാണ് ........................ വേണ്ടി പ്രയാസപ്പെടുന്നത്.

5. അനുയോജ്യമായ എതിർപദ ജോഡികളെ കണ്ടെത്തി എഴുതൂ.



   ഉപകാരം x ഉപദ്രവം

   സങ്കടം x സന്തോഷം

   അവ്യക്തം x വ്യക്തം

6. പദങ്ങൾ ക്രമീകരിച്ച് വാക്യങ്ങൾ ശരിയാക്കാം.
   1. കാക്കയെ എല്ലായിടത്തും കാണാം.
   2. കാക്കയുടെ നിറം കറുപ്പാണ്.
   3. അവ കൂടുകെട്ടുന്നത് മരക്കമ്പുകൾക്കിടയ്ക്കാണ്.
   4. മനുഷ്യന്റെ ചങ്ങാതിയാണ് കാക്കകൾ.
   5. കാക്കകൾ കൂട്ടമായിട്ടാണ് താമസിക്കുന്നത്.

7. പാഠഭാഗം വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.
   1. എവിടെയാണ് അവർ ഇരിപ്പുറപ്പിച്ചത്?
   2. ദാമുവിന് കരയണമെന്ന് തോന്നാൻ കാരണമെന്ത്?
   3. മാമൻ വീട്ടിലെത്തിയാൽ ദാമുവിന് സന്തോഷമാണെന്ന് സൂചിപ്പിക്കുന്ന വാക്യം കണ്ടെത്തി എഴുതാമോ?
   4. തള്ളക്കാക്കയുടെ ജോലി എന്ത്?
   5. കാക്കകൾ കൂടു കെട്ടുന്നത് എങ്ങനെ?

8. കണ്ടെത്താം എഴുതാം
   1. ദാമുവിന് മാമനാണ് കഥ പറഞ്ഞുകൊടുക്കുന്നത്.
   2. “കുഞ്ഞുങ്ങൾക്ക് വിശക്കുമ്പോൾ ഭക്ഷണം തേടിക്കൊടുക്കേണ്ടത് തള്ളക്കാക്കയുടെ ജോലിയാണ്. അതുകൊണ്ടാണ് കാക്ക നെയ്യപ്പം തട്ടിയെടുത്തത്.
   3. കാക്കകൾ രണ്ടുതരത്തിലുണ്ട്. കടുംകറുപ്പു നിറമുള്ളത് ബലിക്കാക്കയും ചാരനിറമുള്ളത് പേനക്കാക്കയും.
   4. ഒരു വലിയ പ്രദേശത്ത് കാക്കകൾ മുഴുവൻ ഒരിടത്ത് ഒത്തുകൂടി ഏതാനും ചില മരങ്ങളിൽ ചേക്കേറുകയാണ് അവയുടെ സ്വഭാവം.
   5. ചപ്പുചവറുകളിലെ അവശിഷ്ട ഭക്ഷ്യപദാർത്ഥങ്ങൾ മുതൽ കൃമികൾ, കീടങ്ങൾ, മറ്റു പക്ഷികളുടെ മുട്ടകൾ, കുഞ്ഞുങ്ങൾ, ശവങ്ങൾ എന്നിവയാണ് കാക്കയുടെ ആഹാരം.

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

1. നെയ്യപ്പം - മണം, നിറം, വില, മധുരം, എണ്ണ, മാവ്, കട, സ്വാദ്.

   ചെരുപ്പ് - തുന്നൽ, തുകൽ, പ്ലാസ്റ്റിക്ക്, പാദം, ആരോഗ്യം, ശുചിത്വം, രോഗം.

2. നെയ്യപ്പം നല്ല സ്വാദുള്ള പലഹാരമാണ്. നെയ്യപ്പം എണ്ണയിലാണ് ഉണ്ടാക്കുന്നത്.

   പാദങ്ങളുടെ ആരോഗ്യത്തിന് ചെരുപ്പ് ആവശ്യമാണ്. തുകൽ, പ്ലാസ്റ്റിക്ക് എന്നിവകൊണ്ട് നിർമിച്ച ചെരുപ്പുകൾ ഇന്നു ലഭ്യമാണ്.

3. 1. നാം ആരോടും ദേഷ്യപ്പെടരുത്.
   2. പദാർത്ഥങ്ങൾ പലവിധത്തിലുണ്ട്.
   3. സന്ധ്യയാകുമ്പോൾ പക്ഷികൾ ചേക്കേറുന്നു.
   4. യുദ്ധം സർവം നശിപ്പിക്കുന്നു.
   5. നഷ്ടപ്പെട്ട പേന തേടി അവൻ അലഞ്ഞു.

4. കാക്ക - പറന്നുപോയി

   പക്ഷികൾ - ചേക്കേറി

   സങ്കടം - കടിച്ചമർത്തി

   കഥകേട്ട് - രസംപിടിച്ചു

   നെയ്യപ്പം - തട്ടിയെടുത്തു.

5. കൊട്ടാരവാതിൽക്കൽ ഒരു വലിയ മണി കെട്ടിത്തൂക്കിയിരുന്നു. ആർക്കെങ്കിലും പരാതിയുണ്ടെങ്കിൽ ഈ മണി അടിക്കാം. രാജാവ് അവരെ വിളിപ്പിച്ച് പരാതി കേൾക്കും. അങ്ങനെയിരിക്കെ ഒരു ദിവസം മണിയടി കേട്ട രാജാവ് പരാതിക്കാരനെ കൊണ്ടുവരാൻ സേവകൻമാരോട് രാജാവ് കല്പിച്ചു. സേവകൻമാർ കൊണ്ടുവന്ന പരാതിക്കാരിയെ കണ്ട് രാജാവ് അന്തംവിട്ടുപോയി. എല്ലും തോലുമായ ഒരു പശു മണിയിൽ കെട്ടിയിരുന്ന കയറിൽ പടർന്നു കയറിയ ചെടിയുടെ ഇല തിന്നുമ്പോഴാണ് മണിയൊച്ച ഉണ്ടായത്.

6. സംസാരിക്കാൻ കഴിയുന്ന ഒരു പക്ഷിയാണ് തത്ത. ചുവന്ന ചുണ്ടും പച്ചച്ചിറകുകളും നീളംകൂടിയ വാലും കഴുത്തിനുചുറ്റുമുള്ള ചുവന്നവളയവും തത്തയുടെ പ്രത്യേകതകളാണ്. ആളുകൾ ഇവയെ വീടുകളിൽ വളർത്തുന്നു.

## അത്യാഗ്രഹം ആപത്ത്



അഭ്യാസം 1, 2 അഭ്യാസം 8-ലെ ചോദ്യം 4 കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി - അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

   സോളമൻ രാജാവ് ബുദ്ധിമാനായിരുന്നു. നീതി നടത്തുന്നതിന് സോളമനെപ്പോലെ ബുദ്ധിസാമർത്ഥ്യം കാണിച്ചിരുന്ന .................. ചുരുക്കമാണ്. ........................ നീതിമാനാണെങ്കിൽ മാത്രമെ ജനങ്ങളും നീതിയിൽ ജീവിക്കുകയുള്ളൂ. അതു മനസ്സിലാക്കിയിരുന്ന ............................ ജനങ്ങൾ സ്നേഹിച്ചു.

   നിത്യവും ആഹാരത്തിന്റെ ഭാഗമായി ഏതെങ്കിലും ഒരു പഴം ഉൾപ്പെടുത്തേണ്ടതാണ്. പപ്പായയും വാഴയും വീട്ടുവളപ്പിൽ നട്ടുവളർത്തിയാൽ ............................... പണം മുടക്കേണ്ടിവരില്ല. വീട്ടുവളപ്പിൽ കായ്ക്കുന്ന ......................... സ്വാദും ഗുണവും കൂടും.

4. അനുയോജ്യമായ എതിർപദ ജോഡികളെ കണ്ടെത്തി എഴുതൂ.

   ഉത്തരം x ചോദ്യം

   ധനവാൻ x ദരിദ്രൻ

   ശേഷം x മുൻപ്

5. 

| | | |
|---|---|---|
| കൃഷിയിടം | - | കൃഷി + ഇടം |
| ഇന്നത്തെപ്പോലെ | - | ഇന്നത്തെ + പോലെ |
| അക്കാലത്ത് | - | ആ + കാലത്ത് |
| തരാമെന്നേറ്റാൽ | - | തരാമെന്ന് + ഏറ്റാൽ |
| അദ്ധ്വാനിച്ചുണ്ടാക്കിയ | - | അദ്ധ്വാനിച്ച് + ഉണ്ടാക്കിയ |
| സ്വാദേറിയ | - | സ്വാദ് + ഏറിയ |
| അമ്പതടി | - | അമ്പത് + അടി |

6. താഴെ കൊടുത്തിരിക്കുന്ന ഓരോ അക്ഷരവും വരുന്ന എത്ര പദങ്ങൾ എഴുതാം. ആ പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കൂ.

| | | | | |
|---|---|---|---|---|
| ഫ | - | ഫലം | - | ആപ്പിൾ ഒരു ഫലമാണ്. |
| ദ്ധ | - | വൃദ്ധൻ | - | വൃദ്ധരെ സഹായിക്കേണ്ടത് നമ്മുടെ കടമയാണ്. |
| റ | - | പറ | - | നെല്ലളക്കാൻ പറ ഉപയോഗിക്കുന്നു. |
| ന്ത | - | പന്ത് | - | കുട്ടികൾ പന്ത് കളിക്കാറുണ്ട്. |

7. കഥ വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമി ക്കാം.

   1. ഏതു ഗ്രാമത്തിലാണ് കൃഷിക്കാരൻ പാർത്തിരുന്നത്?
   2. അയാൾ എങ്ങനെയാണ് കുടുംബം പോറ്റിയത്?
   3. അയാളുടെ പതിവ് എന്തായിരുന്നു?
   4. കൊട്ടാരവാതിൽക്കൽ ആരാണ് നിന്നിരുന്നത്?
   5. കാവൽക്കാരനോട് ദേഷ്യം തോന്നിയ രാജാവ് എന്താണ് കല്പിച്ചത്?

8. കണ്ടെത്താം എഴുതാം

   1. ഇന്നത്തെപ്പോലെ ബസ്സും കാറും മറ്റു വാഹനങ്ങളൊന്നുമി ല്ലാതിരുന്നതുകൊണ്ടാണ് കൃഷിക്കാരൻ നടന്നു വിഷമിച്ച് കൊട്ടാരവാതിൽക്കലെത്തിയത്.
   2. കൃഷിക്കാരന് കിട്ടുന്ന പ്രതിഫലത്തിന്റെ പകുതി തരാമെ ന്നേറ്റാൽ മാത്രമേ അകത്തേക്ക് കടത്തിവിടൂ എന്ന് കാവൽക്കാരിലൊരാൾ ശാഠ്യം പിടിച്ചു.
   3. കാവൽക്കാരിലൊരാൾ തന്നെ അകത്തേക്കു കടത്തിവിടാൻ പകുതി പ്രതിഫലം ചോദിച്ചതുകൊണ്ടാണ് കൃഷിക്കാരൻ പ്രതിഫലമായി നൂറടി ചോദിച്ചത്.
   5. കൃഷിക്കാരന്റെ ബുദ്ധിയിൽ മതിപ്പു തോന്നിയതുകൊണ്ടാണ് രാജാവ് സ്വർണനാണയം നൽകിയത്.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. പരിചാരകൻ – അനുസരണം, കല്പന, വീട്, കൊട്ടാരം, രാജാവ്, ശമ്പളം, സമ്മാനം, ശിക്ഷ.

   ഭക്ഷണം – ജലം, ഐസ്ക്രീം, അരി, ഗോതമ്പ്, ഇറച്ചി, ആരോഗ്യം, പച്ചക്കറികൾ, പഴങ്ങൾ.

2. നന്നായി പ്രവർത്തിക്കുന്ന പരിചാരകർക്ക് സമ്മാനം കിട്ടാറുണ്ട്. അനുസരണയില്ലാത്ത പരിചാരകർക്ക് ശിക്ഷ അനുഭവിക്കേണ്ടി വരും.

   ആരോഗ്യം വേണമെങ്കിൽ നല്ലഭക്ഷണം കഴിക്കണം. ഭക്ഷണ ത്തോടൊപ്പം പഴങ്ങളും ഉൾപ്പെടുത്തണം.

3. 1. ചേരുവകൾ നന്നായാൽ ഭക്ഷണത്തിന് സ്വാദ് കൂടും.
   2. അധികാരികൾ ആജ്ഞാപിച്ചാൽ താഴെയുള്ളവർ അനുസ



രിക്കണം.
   3. ജോലി ചെയ്താൽ പ്രതിഫലം കൊടുക്കണം.
   4. രജനി വിചിത്രമായ ഒരു സ്വപ്നം കണ്ടു.
   5. അപ്രതീക്ഷിതമായി ചങ്ങാതിയെ കണ്ടപ്പോൾ സുമ ആശ്ച ര്യപ്പെട്ടുപോയി.

4. കായ്കനികൾ വിറ്റ് കുടുംബം പോറ്റി.

   അയാൾ ശാഠ്യം പിടിച്ചു.

   രാജാവ് ആശ്ചര്യപ്പെട്ടു.

   തലകുനിച്ചു നിന്നുപോയി.

   അകത്തേക്ക് കടത്തിവിടണം.

5. ടൈഗറും ചെന്നായും ഒരേ കുടുംബക്കാരാണ്. അതുകൊണ്ട് അവർ തമ്മിൽ കണ്ടപ്പോൾ സ്നേഹം തോന്നി. ടൈഗർ വീട്ടിലും ചെന്നായ കാട്ടിലുമാണ് കഴിഞ്ഞുവന്നത്. ടൈഗറിന് കൃത്യസ മയത്ത് നല്ല ഭക്ഷണം കിട്ടും. തടിച്ചുകൊഴുത്ത ടൈഗറെ കണ്ടപ്പോൾ ചെന്നായ്ക്ക് അസൂയ തോന്നി. പക്ഷെ ടൈഗറെ വീട്ടിൽ കെട്ടിയിടുമെന്ന് അറിഞ്ഞപ്പോൾ ചെന്നായ കാട്ടിലേക്ക് ഓടിപ്പോയി.

6. മാമ്പഴം – കേരളത്തിൽ എല്ലായിടത്തും കിട്ടുന്ന ഒരു പഴമാണ് മാമ്പഴം. പല ഇനത്ത[redacted]ുണ്ട്. കേരളത്തിലെ വീട്ടു വളപ്പുകളിൽ മാവ് കാണാം. മൂക്കാത്തമാങ്ങ അച്ചാറുണ്ടാ ക്കാനും ഉപയോഗിക്കാറുണ്ട്.

അഭ്യാസം 1, 2, 4 അഭ്യാസം 7 ലെ ചോദ്യം 3, 5 എന്നിവ കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെ ഴുതി വാക്യങ്ങൾ പൂർണമാക്കാം.

   ആരോഗ്യമുണ്ടാകുന്നതിന് മെയ് ശുദ്ധിയായി സൂക്ഷിക്കണം. പല രോഗങ്ങളും ............................ ബാധിക്കുന്നതിന് കാരണം അഴുക്കാണ്. ദിവസവും രണ്ടു നേരം കുളിച്ചാൽ .................... വൃത്തിയാകും. ....................... സൗന്ദര്യം കൂടുകയും ചെയ്യും.

5. കവിതയിൽനിന്ന് ഒരുപോലെ അവസാനിക്കുന്ന പദങ്ങൾ കണ്ടെത്തി എഴുതൂ.

പ്ലാവും മാവും
പച്ചത്തഴപ്പും പനന്തഴപ്പും
ചേനയും ചീരയും
വാഴയും മത്തയും
ചേമ്പും കരിമ്പും
പുളിമരവും പറങ്കിമാവും

6. കവിത വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.
   1. പാഴ്മരത്തിൽ ചുറ്റിക്കയറുന്ന മുളകുകൊടിയിൽ എന്താണ് ഉണ്ടാകുന്നത്?
   2. ചിത്രത്തിലുള്ള കർഷകൻ പിടിച്ചിരിക്കുന്ന ഉപകരണം ഏതെന്ന് എഴുതാമോ?
   3. ഈ കവിതയെഴുതിയ കവിയുടെ പേരെന്ത്?
   4. തെങ്ങിലും കവുങ്ങിലും ഉണ്ടാകുന്ന കായുടെ പേരെഴുതുക.
   5. പ്ലാവിലുണ്ടാകുന്ന കായേത്?
7. കണ്ടെത്താം എഴുതാം
   1. ഗ്രീഷ്മത്തിലാണ് എല്ലാം കരിഞ്ഞുപോകുന്നത്.
   2. കർഷകനാണ് ഗ്രാമത്തെ സമൃദ്ധമാക്കുന്നത്.
   4. കരിമ്പാണ് പഞ്ചസാര ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ചെടി.
   6. കർഷകൻ ആശകൾ കൈവിടാതെ കഠിനമായി അദ്ധ്വാനിക്കുന്നതുമൂലമാണ് ഗ്രാമത്തിൽ സമൃദ്ധിയുണ്ടാകുന്നത്.
8. ഒറ്റയാനെ കണ്ടെത്തൂ.
   1. തെങ്ങ്
   2. കരിമ്പ്
   3. ഗ്രാമം
9. താഴെ കർഷകനുമായി ബന്ധമുള്ള പദങ്ങൾ കൊടുത്തിരിക്കുന്നു. കർഷകനും ഓരോ പദവും തമ്മിൽ ബന്ധിപ്പിച്ച് വാക്യങ്ങൾ നിർമിക്കൂ.

   കർഷകൻ വയലിൽ നിലമൊരുക്കി വിത്തു വിതക്കുന്നു. കള



പറിച്ച് വളം ചേർക്കുന്നു. വിളവെടുപ്പിന് ശേഷം അവ ചന്തയിൽ കൊണ്ടുപോയി വിൽക്കുന്നു.

10. നിങ്ങളുടെ വീട്ടുവളപ്പിലും ഫലം തരുന്ന വൃക്ഷങ്ങളും പച്ചക്കറി സസ്യങ്ങളും ഉണ്ടാകുമല്ലോ. അവയുടെ കൃഷി രീതി അന്വേഷിച്ചറിഞ്ഞ് ഒരു ചെറുവിവരണം തയ്യാറാക്കൂ.

    ചീര - മണ്ണിളക്കി ചീരവിത്തു വിതയ്ക്കുന്നു. ഉറുമ്പ് വരാതിരിക്കാൻ ഉറുമ്പുപൊടി വിതറുന്നു. എല്ലാ ദിവസവും വെള്ളം തളിച്ചു കൊടുക്കുന്നു. വിത്തു മുളച്ച് ഏതാനും ഇലകളായാൽ ചാണകവും ചാരവും ചേർത്ത് ഇളക്കിയ മണ്ണിലേക്ക് അവ പറിച്ചു നടുന്നു. എല്ലാ ദിവസവും വെള്ളം നനയ്ക്കണം.

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

1. ചേന - വിളവെടുപ്പ്, ഭൂകാണ്ഡം, പച്ചക്കറി, അവിയൽ, സാമ്പാർ, കൃഷി, മണ്ണ്, കർഷകൻ

   മത്തങ്ങ - കറി, ചന്ത, വിത്ത്, ഇഴവള്ളി, മഞ്ഞപ്പൂവ്, വയൽ, അടുക്കള, പോഷകം.
2. ചേന ഒരു ഭൂകാണ്ഡമാണ്.

   ചേനകൊണ്ട് പലതരം കറികൾ ഉണ്ടാക്കാം.

   മത്ത വയലിലാണ് കൃഷിചെയ്യുന്നത്.

   മത്തപ്പൂവിന് മഞ്ഞനിറമാണ്.
3. 1. ശിശുവിന്റെ മെയ് പൂവുപോലെ മൃദുലമാണ്.
   2. മനുഷ്യന്റെ പ്രത്യാശയാണ് അവനെ മുന്നോട്ടു നയിക്കുന്നത്.
   3. സസ്യങ്ങൾക്ക് ഉയിർ നൽകുന്നത് സൂര്യനാണ്.
   4. ഗ്രീഷ്മത്തിൽ ജലക്ഷാമം സാധാരണയാണ്.
   5. കൊയ്ത്തു കഴിഞ്ഞാൽ പിന്നെ സമൃദ്ധിയുടെ കാലമാണ്.
4. പാൽക്കാരാ പാൽക്കാരാ

   കൊണ്ടുതരാമോ പാൽക്കുപ്പി

   പത്രക്കാരാ പത്രക്കാരാ

   കൊണ്ടുതരാമോ ഒരു പത്രം.
5. ഓ.എൻ.വി. കുറുപ്പ്, കുമാരനാശാൻ, വള്ളത്തോൾ നാരായണ മേനോൻ, ചങ്ങമ്പുഴ കൃഷ്ണപിള്ള, സിപ്പി പള്ളിപ്പുറം, വൈലോപ്പിള്ളി ശ്രീധരമേനോൻ, സുഗതകുമാരി, പി. മധുസൂദനൻ.

6. 1. എവിടെയാണ് അണ്ണാൻ ഓടിക്കയറിയത് ?

2. അണ്ണാന്റെ പ[redacted]?

3. എങ്ങനെയാ[redacted] ?

4. എന്താണ് അതിശയമായി തോന്നുന്നത് ?

5. അണ്ണാൻ തിന്നുന്നതെന്താണ് ?

അഭ്യാസം 1, 3, 6, 8 അഭ്യാസം 5-ലെ ചോദ്യം 3 എന്നിവ കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

2. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ.

പുഴ - തീരം

സാഹിത്യം - കഥ

ചുമർ - പരസ്യം

സ്കൂൾ - വാർഷികം

കലാപരിപാടി - നൃത്തം

4. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

ഭാരതത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും ഗ്രാമങ്ങളിലാണ് ജീവിക്കുന്നത്. ....................... ആളുകൾ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നു. ഓരോ ......................... ഓരോ ...................... തലവൻ ഉണ്ടായിരിക്കും.

5. കണ്ടെത്താം എഴുതാം.

1. കല്ലാറിന്റെ തീരത്താണ് തണ്ണിത്തോട് ഗ്രാമം.
2. തണ്ണിത്തോട് വിദ്യാരംഭം പാഠശാല എന്നാണ് ഗ്രാമത്തിലെ സ്കൂളിന്റെ പേര്.
4. ചുമർ പരസ്യം എഴുതി തയ്യാറാക്കാൻ മൂന്നാം ക്ലാസ്സ് വിദ്യാർഥികളെയാണ് ചുമതലപ്പെടുത്തിയത്.
5. സ്കൂളിന് 82 വയസ്സായി.
6. 2005 ഫെബ്രുവരി 28 തിങ്കളാഴ്ചയാണ് സ്കൂൾ വാർഷികം.
7. കായിക മത്സരം, കലാസാഹിത്യമത്സരങ്ങൾ, പൊതുസമ്മേ



ഷ ളനം, കലാപരിപാടികൾ എന്നിവയാണ് വാർഷികാഘോ ത്തോടനുബന്ധിച്ചുള്ള പരിപാടികൾ.

7. പാഠഭാഗം വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.

1. എവിടെയാണ് സ്കൂൾ വാർഷികം നടക്കുന്നത്?
2. ഗ്രാമത്തിന്റെ ഉത്സവമായി ആഘോഷിക്കുന്നത് എന്ത്?
3. തണ്ണിത്തോട് ഗ്രാമത്തിലൂടെ ഒഴുകുന്ന ആറ് ഏത്?
4. ഗ്രാമത്തിലെ കുട്ടികൾ പഠിക്കുന്ന സ്കൂൾ ഏത്?
5. 2005 ഫെബ്രുവരി 28 ഏതു ദിവസമാണ്?

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. ഗ്രാമം – പുഴ, കിണർ, കടകൾ, റോഡ്, വയൽ, കൃഷി, കർഷകൻ, ഗ്രാമീണർ.

വിദ്യാർത്ഥി – ബാഗ്, എഴുത്ത്, വായന, സ്കൂൾ, പഠനം, പുസ്തകം, അധ്യാപകർ, അച്ചടക്കം.

2. ഗ്രാമത്തിലുള്ളവർ കുളിക്കുന്നത് പുഴയിലാണ്. ഗ്രാമത്തിലേക്കുള്ള റോഡ് വീതി കുറഞ്ഞതാണ്.

വിദ്യാർത്ഥികൾ അച്ചടക്കമുള്ളവരായി വളരണം.
വിദ്യാർത്ഥിക്ക് വായനയും എഴുത്തും അത്യാവശ്യമാണ്.

3. 1. നാം നമ്മുടെ ചുമതല നിറവേറ്റണം.

2. ഉത്സവകാലം കുടുംബസമ്മേളനങ്ങളുടെ കാലമാണ്.

3. നദിയോട് തൊട്ടുള്ള സ്ഥലത്ത് കാറ്റുകൊള്ളാൻ ആളുകൾ ഇരിക്കാറുണ്ട്.

4. പരീക്ഷയ്ക്ക് വളരെമുമ്പേ വിദ്യാർത്ഥികൾ പരീക്ഷയെഴുതാൻ ഒരുക്കം തുടങ്ങണം..

4. വിദ്യാർത്ഥികൾ പഠിക്കണം.

വാർഷികം ആഘോഷിക്കണം.

പരസ്യം വായിക്കണം.

കലാപരിപാടികൾ കാണണം.

കായികമത്സരത്തിൽ പങ്കെടുക്കണം.

5. രാമുവിന് ഒരു ചങ്ങാതി ഉണ്ട് കേശു. അവന്റെ വീട് എറണാകു

ളത്താണ്. അവർ പരസ്പരം കത്ത് അയക്കാറുണ്ട്. രാമുവിന്റെ പിറന്നാളിന് കേശുവിനെ ക്ഷണിച്ചു. അവധിക്കാലമായതിനാൽ ഒരു ദിവസം മുമ്പേ അവൻ രാമുവിന്റെ വീട്ടിലെത്തി. കേശുവിനെ കണ്ടപ്പോൾ രാമുവിന് സന്തോഷമായി.

6. കടവന്ത്ര

20.12.2004

പ്രിയപ്പെട്ട മനോജ്,

നിനക്കും അച്ഛനും അമ്മയ്ക്കും അനുജത്തിക്കും സുഖം തന്നെയെന്ന് കരുതുന്നു. ഞാൻ മുടങ്ങാതെ സ്കൂളിൽ പോകുന്നുണ്ട്. ഒരു പ്രത്യേക കാര്യം അറിയിക്കാനാണ് ഈ കത്തെഴുതുന്നത്. ജനുവരി 10-ാം തീയതി ഞങ്ങളുടെ സ്കൂൾ വാർഷികാഘോഷമാണ്. വിവിധ കലാപരിപാടികളിൽ ഞാൻ അഭിനയിക്കുന്ന നാടകവുമുണ്ട്. വാഷികാഘോഷത്തിൽ പങ്കെടുക്കാനെത്തണമെന്ന് താല്പര്യപ്പെടുന്നു. കുടുംബാംഗങ്ങളെ എല്ലാവരെയും എന്റെ സ്നേഹാന്വേഷണം അറിയിക്കുമല്ലോ. [redacted]

സ്നേഹപൂർവം

ശങ്കരൻ.

അഭ്യാസം 1, 2, 9 കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

വനവും, പുഴയും പ്രകൃതിയുടെ ദാനങ്ങളാണ്. .................... .................... നാനാജാതി ജീവികളുടെ ആവാസകേന്ദ്രങ്ങളാണ്. ......................... ഓരോ മരത്തിലും അനവധി ജീവികൾ പാർക്കുന്നു. .................... യഥാർഥത്തിൽ ജീവൻ നൽകുന്ന ജലത്തിന്റെ ഉറവിടമാണ്. .................... ലൂടെയും .................... ഒഴുകുന്നുണ്ട്. മത്സ്യങ്ങൾ ...................... പക്ഷികൾ ................... മരങ്ങളിലും പാർക്കുന്നു.

4. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിതരൂപവും എഴുതൂ.

മുൾക്കമ്പി - മുൾ + കമ്പി

പുഴക്കര - പുഴ + കര

അതില്ലാതാക്കാൻ - അത് + ഇല്ലാതാക്കാൻ



നെഞ്ചത്തടിച്ചു - നെഞ്ചത്ത് + അടിച്ചു

വിശപ്പടക്കിയത് - വിശപ്പ് + അടക്കിയത്

5. അനുയോജ്യമായ എതിർപദ ജോഡികളെ കണ്ടെത്തി എഴുതൂ.

നാട് x കാട്

അസംതൃപ്തി x സംതൃപ്തി

സംഹരിക്കുക x സൃഷ്ടിക്കുക

6. വാക്യങ്ങൾ വാക്യങ്ങൾ

വനത്തിലൂടെയാണ് പുഴ ഒഴുകുന്നത്.
പുഴയിലെ വെള്ളത്തിൽ ധാരാളം മീൻ ഉണ്ട്.

7. പാഠഭാഗം വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.

1. ഒരു ദിവസം വനഗ്രാമത്തിൽ ആരാണ് എത്തിയത്?
2. വനത്തിലൂടെ ഒഴുകിയ നദിയുടെ പേരെന്ത്?
3. പുഴ വളച്ചുകെട്ടിയതു മൂലം വനവാസികൾക്കുണ്ടായ പ്രശ്നങ്ങൾ എന്തെല്ലാം?
4. വനവാസികൾക്ക് എങ്ങനെയൊക്കെയാണ് നന്ദിനിപ്പുഴ പ്രയോജനപ്പെട്ടത്?
5. നാട്ടിലുള്ളവർ കാട്ടിൽ പ്രവേശിക്കരുതെന്ന് ബോർഡ് വയ്ക്കാൻ കാരണമെന്ത്?

8. കണ്ടെത്താം എഴുതാം

1. നന്ദിനിപ്പുഴ സ്വന്തമാക്കാനായിരുന്നു വനഗ്രാമത്തിൽ കുറെ ആളുകൾ വന്നത്.
2. വനഗ്രാമത്തിൽ വന്നവർ പുഴയ്ക്കു ചുറ്റും വേലികെട്ടി പടിപൂട്ടിയതു കണ്ടപ്പോഴാണ് വനവാസികൾ നെഞ്ചത്തടിച്ചു കരഞ്ഞത്.
3. പുറമേ നിന്ന് ആരും വനത്തിൽ കടക്കാതിരിക്കാനാണ് വനത്തിലേക്കുള്ള വഴി അടച്ചുകെട്ടാൻ പറഞ്ഞത്.
4. നാട്ടിലുള്ളവർ വനവാസികളുടെ വനസമ്പത്ത് കയ്യേറാതിരിക്കാനാണ് നാട്ടിലുള്ളവർ കാട്ടിൽ പ്രവേശിക്കരുതെന്ന ഒരു ബോർഡ് തൂക്കിയത്.
5. ഭൂമിയിൽ ജീവനുണ്ടായത് വെള്ളത്തിൽ നിന്നാണ്. ജലം ഇല്ലെങ്കിൽ ജീവനുമില്ല. കുടിക്കാനും കുളിക്കാനും ജലമി

ല്ലെങ്കിൽ നാം എന്തു ചെയ്യും? കൃഷിക്കും ജലം അത്യാവശ്യമാണ്. കൃഷിയില്ലെങ്കിൽ ആഹാരപദാർഥങ്ങൾ എങ്ങനെ കിട്ടും? വ്യവസായങ്ങൾക്കും വൈദ്യുതി ഉൽപാദിപ്പിക്കാനും വെള്ളം വേണം. ചുരുക്കിപ്പറഞ്ഞാൽ വെള്ളമില്ലാതായാൽ ജീവിക്കാൻ കഴിയില്ല.

10. പദസൂര്യന്റെ സഹായത്തോടെ പുഴയെപ്പറ്റി ഒരു ഖണ്ഡിക തയ്യാറാക്കൂ.

പുഴയിലെ വെള്ളം കൊണ്ടാണ് കൃഷി ചെയ്യുന്നത്. സസ്യങ്ങൾ വളരുന്നതിന് വെള്ളം ആവശ്യമാണ്. പുഴയിൽ ധാരാളം ജീവികൾ ഉണ്ട്. മൃഗങ്ങൾക്കുള്ള കുടിനീര് പുഴയിൽ നിന്നാണ് ലഭിക്കുന്നത്. പുഴയിൽ ധാരാളം മീനുകൾ ഉണ്ട്.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. പുഴ – മണൽ, വല, തീരം, മീൻ, ജലം, തെങ്ങ്, വയൽ, വഞ്ചി.

   പശു – വീട്, കറവ, വില്പന, പാൽ, പുല്ല്, വൈക്കോൽ, ചാണകം, തൊഴുത്ത്.

2. പുഴയിൽനിന്ന് മീൻ കിട്ടുന്നു.

   പുഴയിലെ ജലം വയലിലേക്കൊഴുക്കി കൃഷി ചെയ്യുന്നു.

   പശു പാൽ തരുന്നു.

   പശു പുല്ലും വൈക്കോലും തിന്നുന്നു.

3. 1. വാഹനങ്ങളിലാണ് ആളുകൾ സഞ്ചരിക്കുന്നത്.
   2. വനത്തിൽ ധാരാളം മരങ്ങളുണ്ട്.
   3. നിത്യജീവിതത്തിന് അത്യാവശ്യമായ ഒന്നാണ് നീര്.
   4. കുളിരുള്ള മാസമാണ് ഡിസംബർ.
   5. നല്ല മാർഗത്തിലൂടെ മാത്രമെ നടക്കാവൂ.

4. സൂര്യൻ അസ്തമിച്ചു.

   പുഴയിൽനിന്ന് മീൻ പിടിച്ചു.

   നെഞ്ചത്തടിച്ചു കരഞ്ഞു.

   ശബ്ദം ഉയർന്നു.

   വേലി പൊളിച്ചു.

5. ഫാക്ടറിയിലെ മാലിന്യങ്ങൾ പുഴയിലേക്ക് ഒഴുക്കി വിടുന്നതു മൂലം ജലം മലിനമാകുന്നു. അതുപോലെ പാടങ്ങളിലും മറ്റും കീടനാശിനികൾ തളിക്കുന്നതുകൊണ്ടും വെള്ളം മലിനമാകുന്നു. പട്ടണങ്ങളിലെ അഴുക്കുചാലുകളും മറ്റും തുറന്നുവിടുന്നത്



പുഴയിലേക്കാണ്. അങ്ങനെയും ജലം മലിനമാകുന്നു.

6. 1. കേളുവിന്റെ പ്രത്യേകത എന്തായിരുന്നു ?
   2. കേളുവിന്റെ തോണിയിൽ കയറിയതാര് ?
   3. യാത്രക്കാരൻ എന്തിനാണ് കേളുവിനെ പരിഹസരിച്ചത് ?
   4. തോണി [redacted]പ്പോൾ എന്താണ് സംഭവിച്ചത് ?
   5. കേളു യാത്രക്കാരനോട് എന്താണ് പറഞ്ഞത് ?

അഭ്യാസം 1, 2, എന്നിവ കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

   ഓരോ ദിനവും രഘു കലണ്ടർ നോക്കും. ആ ................. പ്രത്യേകതകൾ കണ്ടുപിടിക്കുകയാണ് അവന്റെ ലക്ഷ്യം. വെളുത്തവാവു ........................... ആണെങ്കിൽ ആകാശം നിറയെ നക്ഷത്രങ്ങളെ കാണാം. കറുത്തവാവാണെങ്കിൽ ആകാശത്ത് ഒരൊറ്റ ....................... കാണുകയില്ല. രഘുവിന് ആകാശത്തെ ................. നോക്കി നിൽക്കാൻ ഇഷ്ടമാണ്. ആ ................... കണ്ണു ചിമ്മിക്കാട്ടുന്നതുപോലെ രഘുവിന് തോന്നാറുണ്ട്.

4. അനുയോജ്യമായ എതിർപദ ജോഡികളെ കണ്ടെത്തി എഴുതൂ.

   സങ്കടം x സന്തോഷം

   ഇരുട്ട് x വെളിച്ചം

   സ്വദേശം x വിദേശം

5. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിതരൂപവും എഴുതൂ.

   വിഷമമുണ്ട് – വിഷമം + ഉണ്ട്

   മുങ്ങിപ്പോയി – മുങ്ങി + പോയി

   മിന്നിത്തെളിഞ്ഞു – മിന്നി + തെളിഞ്ഞു

   പൊട്ടിക്കരഞ്ഞു – പൊട്ടി + കരഞ്ഞു

6. പദങ്ങൾ പദങ്ങൾ

   ങ്ക – പങ്ക, തങ്കം, പങ്കായം

ഠ - മിഠായി, പഠനം, പാഠം

7. വാക്യങ്ങൾ വാക്യങ്ങൾ

ക്രിസ്തുമസിന് വീടുകളിൽ നക്ഷത്രം തൂക്കാറുണ്ട്.

ജീവിതത്തിൽ സോപ്പിന് വളരെയേറെ പ്രാധാന്യം ഉണ്ട്.

8. പാഠഭാഗം വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.

   1. അഖിലയുടെ അച്ഛൻ പണി ചെയ്തിരുന്ന ഫാക്ടറി അടച്ചുപൂട്ടാൻ കാരണം എന്ത്?
   2. സ്കൂളിൽ നിന്ന് സൗജന്യമായി കിട്ടിയത് എന്താണ്?
   3. അഖില കാര്യങ്ങൾ നേരിൽ പറയാതിരിക്കാൻ കാരണമെന്ത്?
   4. രശ്മിയുടെ മേൽവിലാസം എന്ത്?
   5. അഖിലയുടെ അച്ഛന്റെ പേരെന്ത്?

9. കണ്ടെത്താം എഴുതാം

   1. രശ്മിയുടെ ക്രിസ്തുമസ് കാർഡ് കിട്ടിയപ്പോഴാണ് അഖിലയ്ക്ക് സന്തോഷമായത്.
   2. കമ്പനി അടച്ചുപൂട്ടിയതിനാലാണ് അഖിലയുടെ അച്ഛന് ജോലി നഷ്ടമായത്.
   3. നേരിൽ കാര്യങ്ങൾ പറയുമ്പോൾ അഖില കരഞ്ഞു പോകുമെന്നു കരുതിയതുകൊണ്ടാണ് കത്തെഴുതിയത്.
   4. സോപ്പുണ്ടാക്കുന്ന വിദ്യയാണ് അഖില അച്ഛനെ പഠിപ്പിച്ചത്.
   5. സ്കൂളിലെ സൗമിനി ടീച്ചറാണ് സോപ്പുണ്ടാക്കുന്ന വിദ്യ അഖിലയെ പഠിപ്പിച്ചത്.
   6. വെളിച്ചെണ്ണ ഉപയോഗിച്ചുണ്ടാക്കുന്ന സോപ്പ് അറിയുന്നവരൊക്കെ വാങ്ങിയാൽ അച്ഛനൊരു വരുമാനമാകുമെന്നാണ് അഖിലയുടെ പ്രതീക്ഷ.

10. പുതുവർഷം ആരംഭിക്കുമ്പോൾ പുതിയ കലണ്ടർ തൂക്കും. ജനുവരി 1-ന് വീട് അലങ്കരിക്കുകയും കേക്ക് ഉണ്ടാക്കി മുറിക്കുകയും വിരുന്നുകാർ വീട്ടിലേക്ക് വരികയും അവർക്കെല്ലാം സദ്യ കൊടുക്കുകയും ചെയ്യുന്നു. പുതുവത്സരാഘോഷത്തിന് ആശംസാ കാർഡുകൾ അയക്കുന്നു.



**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. എഴുത്ത് - പോസ്റ്റുമാൻ, തപാൽപ്പെട്ടി, സ്റ്റാമ്പ്, പേന, അക്ഷരം, വാക്കുകൾ, മേൽവിലാസം, പോസ്റ്റോഫീസ്.

   പേന - നീല, ചുവപ്പ്, മഷി, കട, പ്ലാസ്റ്റിക്ക്, നിറം, പച്ച.

2. കത്ത് കൊണ്ടുവരുന്നത് പോസ്റ്റുമാനാണ്. കത്തുകിട്ടാൻ മേൽവിലാസം എഴുതണം.

   പേന കടകളിൽനിന്നു കിട്ടുന്നു. പലനിറത്തിലെഴുതുന്ന പേനകൾ ഉണ്ട്.

3. 1. പുതുവത്സരദിനം എല്ലാവരും ആഘോഷിക്കാറുണ്ട്.
   2. ഉത്സവകാലത്ത് വീടുകൾ അലങ്കരിക്കാറുണ്ട്.
   3. വീടുകളിൽ സന്ധ്യാനേരത്ത് ദീപങ്ങൾ തെളിക്കുന്നു.
   4. പോഷക ഗുണമുള്ള ആഹാരമാണ് നാം കഴിക്കേണ്ടത്.
   5. അഖില വളരെ വിഷമിച്ചാണ് പഠിച്ചിരുന്നത്.

4. നക്ഷത്രങ്ങൾ മിന്നിത്തിളങ്ങി.

   അഖില കത്തയച്ചു.

   കമ്പനി അടച്ചുപൂട്ടി.

   സൗമിനി ടീച്ചർ സോപ്പുണ്ടാക്കി.

   ക്രിസ്തുമസ് കാർഡ് അയച്ചു.

5. എഴുത്തുമുഖേന ഏറ്റവും കുറഞ്ഞ ചെലവിൽ അകലെയുള്ളവരെ കാര്യങ്ങൾ അറിയിക്കാം. കാർഡിൽ എഴുത്തയക്കുകയാണ് ഏറ്റവും ചെലവുകുറഞ്ഞ മാർഗം. ടെലിഫോണിലൂടെ ദൂരെയുള്ള ആളുമായി നേരിട്ട് സംസാരിക്കാം. ലോകത്തിന്റെ എല്ലാ ഭാഗത്തും ഒരേ സമയം വാർത്തകൾ എത്തിക്കുന്നതിന് റേഡിയോയും ടെലിവിഷനും [redacted]ായിക്കുന്നു.

6. എന്തുകണ്ടാലും ചോ[redacted]

   എന്തുപറഞ്ഞാലും വായിക്കും.

   എന്തു വായിച്ചാലും മനസ്സിലാകും.

   എന്തെഴുതിയാലും വായിക്കും.

അഭ്യാസം 1, 2, അഭ്യാസം 6-ലെ ചോദ്യം 5 എന്നിവ കുട്ടികൾ

സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെ ഴുതി വാക്യങ്ങൾ പൂർണമാക്കാം.

മാധവന്റെ വീട്ടിൽ ഒരു കോഴിയുണ്ട്. .................. ഇടുന്ന മുട്ട പുഴുങ്ങി അമ്മ അവനു നൽകും. ......................... ......................... വിളിക്കുമ്പോൾ അത് ചിറക് വിരിച്ച് ഓടി വരും. എല്ലാ ദിവസവും ...................... ...................... ധാന്യങ്ങൾ നൽകും. അതിന്റെ ...................... തൂവലുകൾക്ക് കറുപ്പുനിറമാണ്. ...................... ...................... ഉണ്ടെങ്കിലും അധികദൂരം പറക്കാൻ കഴിയില്ലെന്ന് ........................ മാധവന് പറഞ്ഞു കൊടുത്തിട്ടുണ്ട്.

4. ത, ള്ള എന്നീ അക്ഷരങ്ങൾ വരുന്ന പദങ്ങൾ കവിതയിൽ നിന്ന് കണ്ടെത്തി എടുത്തെഴുതൂ.

ത – ജീവിതം, തിരക്കു, താളം,
ള്ള – തള്ളക്കോഴി, തുള്ളുന്ന, കൊത്തിത്തുള്ളി

5. കവിത വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.

1. എന്താണ് കൊത്തി വിഴുങ്ങിയത്?
2. കാഞ്ഞവെയിലത്ത് എന്താണ് പൊള്ളുന്നത്?
3. ആരാണ് കോഴിക്കുഞ്ഞിനെ കൊത്തിച്ചിക്കിച്ചികഞ്ഞിട്ട് കൊടുക്കുന്നത്?
4. എവിടെനിന്നും വയറുനിറയ്ക്കാൻ കഴിയില്ലെന്നാണ് തള്ള ക്കോഴി പറയുന്നത്?
5. ചിത്രത്തിൽ എന്തൊക്കെ കാണാം?

6. കണ്ടെത്താം എഴുതാം.

1. തള്ളക്കോഴി കുഞ്ഞിനോടാണ് സംസാരിക്കുന്നത്.
2. അമ്മയുടെ ഇടറിയ സ്വരം കേട്ടപ്പോഴാണ് കുഞ്ഞിന് താളം തെറ്റിയത്.
3. വെയിലിൽ കാലുപൊള്ളുന്നത് കൊണ്ടാണ് തുള്ളാൻ സമയമില്ലാത്തത്.
4. സ്വയം ആഹാരം തേടി ജീവിക്കണമെന്നാണ് തള്ളക്കോഴി ഉപദേശിക്കുന്നത്.
6. കടമനിട്ട രാമകൃഷ്ണൻ



7. കവിത വായിച്ച് താഴെകൊടുക്കുന്ന കഥ പൂർണമാക്കൂ.

ഒരിടത്ത് ഒരു തള്ളക്കോഴിയും കുഞ്ഞും താമസിച്ചിരുന്നു. എന്നും ആഹാരം തേടി കൊടുത്തിരുന്ന തള്ളക്കോഴി ഒരു ദിവസം കുഞ്ഞിനോട് പറഞ്ഞു. എപ്പോഴും ഈ വിധം ആഹാരം കിട്ടു മെന്ന് കരുതരുത്. നിന്നോടൊപ്പം കടുത്ത ചൂടുള്ള ഈ വെയി ലിൽ തുള്ളി നടക്കാൻ എനിക്ക് സമയമില്ല. നിനക്കു ജീവിക്ക ണമെങ്കിൽ നീ തന്നെ ആഹാരം കണ്ടെത്തണം. അതിനുള്ള പ്രായം നിനക്കായി കഴിഞ്ഞു. ഇങ്ങനെ തള്ളക്കോഴി കുഞ്ഞിനെ ഉപദേശിച്ചു.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. കോഴി – മാംസം, മുട്ട, വീട്, കൂട്, മരം, ചില്ല, കീട ങ്ങൾ, ധാന്യം.

കോഴിക്കുഞ്ഞ് – പൂച്ച, നായ, സംരക്ഷണം, പരുന്ത്, കാക്ക, തള്ളക്കോഴി, ചിറക്, ചൂട്.

2. കോഴി നമുക്ക് മുട്ടയും മാംസവും തരുന്നു.

കോഴി മരങ്ങളുടെ ചില്ലകളിൽ രാത്രിയിൽ കഴിയാറുണ്ട്.

കോഴിക്കുഞ്ഞിനെ തള്ളക്കോഴി സംരക്ഷിക്കുന്നു.

കാക്ക, പരുന്ത്, പൂച്ച, നായ തുടങ്ങിയ ജന്തുക്കൾ കോഴിക്കു ഞ്ഞിന്റെ ശത്രുക്കളാണ്.

3. 1. നല്ല തോന്നലുകളാണ് നല്ലവഴികളിലൂടെ നമ്മെ നടത്തുന്നത്.
2. തിരക്ക്കൂട്ടി ചെയ്യുന്ന ജോലികൾ നന്നാവില്ല.
3. കൊറ്റ് തിരയുന്ന കോഴിക്കുഞ്ഞിനെ പിടിക്കാൻ പൂച്ചയ്ക്ക് എളുപ്പമാണ്.
4. കാഞ്ഞ വെയിലത്തു നടന്നാൽ പെട്ടെന്ന് ക്ഷീണിക്കും.
5. നെഞ്ച് നോവനുഭവപ്പെട്ടാൽ ഡോക്ററെ കാണണം.

4. തള്ളക്കോഴി പറഞ്ഞുകൊടുത്തു.

കുഞ്ഞിനു താളംതെറ്റി.

കാല് പൊള്ളി.

ചിറകിന്റെ കീഴിൽ സംരക്ഷിച്ചു.

മുള്ള് വിഴുങ്ങി.

5. കാറ്റ് വീശുമ്പോൾ ഇലകൾ കൊഴിയും.

ആരെങ്കിലും വീട്ടിലേക്ക് വരുമ്പോൾ പട്ടി കുരയ്ക്കും.

അധ്യാപിക വന്നപ്പോൾ വിദ്യാർത്ഥികൾ എഴുന്നേറ്റു.

6. പൂവൻകോഴിക്ക് [redacted]ുവന്ന താടയും മനോഹരമായ അങ്കവ[redacted] വെളുപ്പിന് ഉണർന്ന് ഉച്ചത്തിൽ കൂവി വീട്ടിലുള്ളവരെ വിളിച്ചുണർത്തുന്നു. പിടക്കോഴിക്ക് അങ്കവാലില്ല. അതിന്റെ തലയിലെ പൂവ് ചെറുതാണ്. പിടക്കോഴി മുട്ടയിടുന്നു.

അഭ്യാസം 1, 2, 10 എന്നിവ കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

മനുഷ്യന് ദുഃഖം വരാൻ പല വഴികളുണ്ട്. അത്യാഗ്രഹവും അസൂയയും ..................... ഉണ്ടാകാനുള്ള ഒരു ........................ ആണ്. ദാരിദ്ര്യവും രോഗങ്ങളുമാണ് .................... ഉണ്ടാക്കുന്നതിനുള്ള മറ്റു കാരണങ്ങൾ. ............................ അനുഭവിക്കുന്നവർക്ക് മരം പോലെ തണൽ നൽകാൻ നമുക്കു കഴിയണം. ..................... ചിന്തിച്ചു നോക്കൂ. ...................... അതിന്റെ എല്ലാ ഭാഗങ്ങളും മനുഷ്യർക്കായി നൽകുന്നു.

4. വാക്യങ്ങൾ വാക്യങ്ങൾ

പഴം കിട്ടണമെങ്കിൽ മരം നടണം.

വീട് പണിയാൻ തടി വേണം.

5. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിതരൂപവും എഴുതൂ.

| | | |
|---|---|---|
| കെട്ടിപ്പിടിച്ചു | – | കെട്ടി + പിടിച്ചു |
| നിശ്ചയിച്ചുറച്ച് | – | നിശ്ചയിച്ച് + ഉറച്ച് |
| തോണിയുണ്ടാക്കി | – | തോണി + ഉണ്ടാക്കി |

6. അനുയോജ്യമായ എതിർപദ ജോഡികളെ കണ്ടെത്തി എഴുതൂ.

| | | |
|---|---|---|
| രക്ഷിക്കുക | x | ശിക്ഷിക്കുക |
| തണുപ്പ് | x | ചൂട് |
| മരിക്കുക | x | ജനിക്കുക |
| പ്രിയം | x | അപ്രിയം |

7. പാഠഭാഗം വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ



നിർമിക്കാം.

1. എവിടെയാണ് നെല്ലിമരം നിന്നിരുന്നത്?
2. കുട്ടികൾ മത്സരിച്ചത് എന്തിന്?
3. തളംകെട്ടി നിന്ന വെള്ളത്തിൽ അമ്മു കളിച്ചതെങ്ങനെ?
4. നെല്ലിമരത്തിനടുത്ത് ആൾക്കൂട്ടം കണ്ടിട്ടും അമ്മു അവിടെ നിൽക്കാതിരിക്കാൻ കാരണമെന്ത്?
5. സ്കൂളിൽവെച്ച് അമ്മുവിന്റെ ചിന്ത എന്തായിരുന്നു?

8. ക്ഷ, ണ്ട എന്നീ അക്ഷരങ്ങൾ വരുന്ന എത്ര പദങ്ങൾ നിർമിക്കാം.

ക്ഷ – സാക്ഷി, ക്ഷണിക്കുക, ക്ഷീണം, ശിക്ഷ

ണ്ട – വണ്ട്, ചുണ്ട്, വണ്ടി, മണ്ടൻ

9. കണ്ടെത്താം എഴുതാം

1. നെല്ലിമരം ചൂടിൽ നിന്നും മഴയിൽ നിന്നും അമ്മുവിനെ പലപ്പോഴും രക്ഷിച്ചിട്ടുണ്ട്. അതുകൊണ്ടാണ് അമ്മുവിന് നെല്ലിമരത്തോട് ഇഷ്ടം.
2. ഒരു ദിവസം നെല്ലിമരത്തിനടുത്ത് കുറെ ആളുകൾ എന്തോ നിശ്ചയിച്ചുറച്ചതുപോലെ നിൽക്കുന്നത് കണ്ടു.
3. നെല്ലിമരത്തിനടുത്ത് മരംവെട്ടുകാരാണ് നിന്നിരുന്നത്.
4. സ്കൂളിൽ നിന്ന് തിരിച്ച് വീട്ടിലേക്ക് വരുമ്പോൾ നെല്ലിമരം ഉണ്ടായിരുന്നില്ല. പകരം മരക്കുറ്റിമാത്രം. കനത്ത മഴയിൽ നിന്നും കടുത്ത വെയിലിൽ നിന്നും തന്നെ രക്ഷിച്ചിരുന്ന ആ ചങ്ങാതിയെ ഓർത്ത് അവൾ ദുഃഖിച്ചു.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. നെല്ലിക്ക – ചവർപ്പ്, വിത്ത്, ചവർപ്പ്, മധുരം, പോഷകം, അച്ചാർ, കയ്പ്, ഔഷധം.

ചങ്ങാതി – ഉപദേശം, ആശ്വാസം, സഹായം, സ്നേഹം, ദുഃഖം, സന്തോഷം, സത്യം, അച്ചടക്കം.

2. നെല്ലിക്ക, പോഷക സമൃദ്ധമാണ്.

നെല്ലിക്ക ഔഷധഗുണമുള്ള ഒരു ഫലമാണ്.

യഥാർത്ഥ ചങ്ങാതി നമ്മുടെ നല്ല വഴികാട്ടി ആയിരിക്കും.

ചങ്ങാതിയുണ്ടെങ്കിൽ ദുഃഖങ്ങളിൽ നമുക്ക് ആശ്വാസം തരും.

3. 1. കുട്ടികൾ നല്ല ചങ്ങാതിമാരെ കണ്ടെത്തണം.

2. തീരുമാനത്തിനു മുമ്പ് നന്നായി ചിന്തിക്കണം.
3. കുട്ടികൾക്ക് ഐസ്ക്രീമിനോട് പ്രിയമാണ്.
4. കനത്ത തടി പിടിക്കുന്നതിന് ആനകൾ വേണം.
5. മഴ പെയ്താൽ തളത്തിൽ വെള്ളം കെട്ടിനിൽക്കാൻ കഴിയും.

4. ഇലകൾകൊണ്ട് തോണിയുണ്ടാക്കി.
സ്കൂളിലേക്കുള്ള വഴി.
വെള്ളം തളംകെട്ടി നിന്നു.
അമ്മുവിന് ദുഃഖം തോന്നി.
അവൾ ചിന്തിച്ചു.

5. നല്ല വാക്കേ കേൾക്കാവൂ.
നല്ല വാക്കേ പറയാവൂ.
നല്ല കാര്യമേ ചെയ്യാവൂ.

6. പ്രജകളുടെ സ്ഥിതി നേരിൽ കണ്ടറിയുന്നതിന് രാജാവ് വേഷം മാറി നാട്ടിൽ സഞ്ചരിക്കാൻ തുടങ്ങി. ഒരു ദിവസം ഒരു വൃദ്ധൻ വഴിയരികിൽ കുഴിക്കുന്നത് കണ്ട് രാജാവ് അയാളോട് കാര്യം തിരക്കി. താനൊരു വൃക്ഷത്തൈ കുഴിച്ചുവെക്കുകയാണെന്ന് അയാൾ രാജാ[redacted] രാജാവിനു സന്തോഷമായി. ഇനിമേലിൽ ആരും മരം മുറിക്കരുതെന്നും അഥവാ മുറിക്കേണ്ടിവന്നാൽ ഒരു മരം മുറിക്കുന്നവൻ രണ്ടു മരമെങ്കിലും നട്ടുവളർത്തണമെന്നും രാജാവിനോട് വൃദ്ധൻ ആവശ്യപ്പെട്ടു.

അഭ്യാസം 1, 2, എന്നിവ കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെ ഴുതി വാക്യങ്ങൾ പൂർണമാക്കാം.

പൂക്കൾ വിടർന്ന് തേൻ നിറയുമ്പോൾ വണ്ടുകളും തേനീച്ചകളും പറന്നെത്തുകയായി. പൂക്കളിൽ ..................... ഉണ്ടെന്ന് വണ്ടും തേനീച്ചയും അറിയുന്നതെങ്ങനെ ? ആലോചിച്ചാൽ അത്ഭുതം തോന്നും. തേനീച്ച കൂടുകളിൽ സംഭരിക്കുന്ന ....................... എടുത്ത് ഉപയോഗിക്കുന്ന മനുഷ്യനും അത് ആലോചിക്കാറില്ല. കാര്യം അറിയുന്നതിലല്ല ....................... മധുരം നുണയുന്നതിലാണ് എല്ലാവർക്കും താല്പര്യം.

4. അനുയോജ്യമായ എതിർപദ ജോഡികളെ കണ്ടെത്തി എഴുതൂ.



മുതലാളി x തൊഴിലാളി
മിത്രം x ശത്രു

5. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിതരൂപവും നോട്ട്ബുക്കിൽ എഴുതൂ.

| | | |
|---|---|---|
| തേനീച്ചക്കൂട് | – | തേനീച്ച + കൂട് |
| കണ്ടെത്തിയാൽ | – | കണ്ട് + എത്തിയാൽ |
| മധുരമാണെങ്കിലും | – | മധുരമാണ് + എങ്കിലും |
| കഴിഞ്ഞാലുടൻ | – | കഴിഞ്ഞാൽ + ഉടൻ |

6. വാക്യങ്ങൾ വാക്യങ്ങൾ
ജീവികൾക്ക് ജീവിക്കാൻ ഭക്ഷണം ആവശ്യമാണ്.
തേനീച്ചകൾ തേൻ ശേഖരിക്കുന്നത് പൂക്കളിൽ നിന്നാണ്.

7. ർ – ഉമിനീർ, ഉണ്ടാക്കുന്നവർ, പയർ, കയർ
ൻ – തേൻ, കഴിഞ്ഞാലുടൻ, മാൻ, പൊന്മാൻ, മനുഷ്യൻ
ൽ – വായിൽ, നിങ്ങളിൽ, അറകളിൽ, തേനീച്ചക്കൂട്ടിൽ, കണ്ടെത്തിയാൽ, മുട്ടയിടൽ, ഒരിക്കൽ, വയൽ, മയിൽ, കുയിൽ
ൾ – ആയുർവേദമരുന്നുകൾ, മാറ്റങ്ങൾ, ഈച്ചകൾ, ആശയങ്ങൾ, തേനീച്ചകൾ, അത്ഭുതങ്ങൾ, തൊഴിലാളികൾ, വാൾ, തേൾ, ശിലകൾ, കല്ലുകൾ

8. പാഠഭാഗം വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.
1. തേനിന്റെ രുചി എന്ത്?
2. തേനീച്ച തേൻ സംഭരിക്കുന്നത് എവിടെ?
3. മുട്ടയിടുന്നത് ആരാണ്?
4. റാണി ഈച്ചയുടെ ആയുസ്സ് എത്ര വർഷമാണ്?
5. ശത്രുവിന് വിഷം കുത്തി വെച്ച് കൊടുത്തതിനുശേഷം തേനീച്ചയ്ക്ക് എന്ത് സംഭവിക്കുന്നു?

9. കണ്ടെത്താം എഴുതാം
1. പ്രകൃതിയിൽ നിന്നും കിട്ടുന്ന ഏറ്റവും സ്വാദുള്ള ഭക്ഷണം തേനാണ്.

2. തേനും മെഴുകുമാണ് തേനീച്ച നമുക്ക് തരുന്നത്.

3. തേനീച്ചയുടെ വയറിനടി ഭാഗത്തുനിന്ന് ഊറി വരുന്ന മെഴുകുകൊണ്ടാണ് തേനീച്ച കൂടുണ്ടാക്കുന്നത്.

4. തേനീച്ചകൾ വിവിധ രീതികളിൽ നൃത്തം ചെയ്താണ് ആശ യങ്ങൾ കൈമാറുന്നത്.

5. ഒരു റാണി, കുറെ തൊഴിലാളികൾ, കുറച്ച് ആണീച്ചകൾ ഇവ ചേർന്നതാണ് തേനീച്ച കോളനി.

6. കൂടിനുള്ളിൽ അപകടഭീഷണി വരുമ്പോഴാണ് തേനീച്ചകൾ അപകടകാരികളാകുന്നത്.

10. തേനീച്ചയുമായി ബന്ധമുള്ള പദങ്ങൾ ചേർത്ത് വാക്യങ്ങൾ നിർമിച്ച് തേനീച്ചയെപ്പറ്റി ഒരു ഖണ്ഡിക എഴുതൂ.

തേനീച്ചകൾ പൂക്കളിൽ നിന്ന് തേൻ കുടിക്കുന്നു. ഇങ്ങനെ കുടിക്കുന്ന തേനിൽ തേനിച്ചയുടെ ഉമിനീർ കലരുമ്പോൾ ചില മാറ്റങ്ങൾ സംഭവിക്കുന്നു. തേനിനു പുറമെ മെഴുകും തേനീച്ചക്കൂട്ടിൽ നിന്ന് ലഭിക്കുന്നു. തേനീച്ചയുടെ കൂട്ടിൽ ഒരു റാണിയും കുറെ തൊഴിലാളികളും കുറച്ച് ആണീച്ചകളും ഉണ്ടാകും. തേനീച്ചകൾ വിവിധ രീതികളിൽ നൃത്തം ചെയ്താണ് ആശയങ്ങൾ കൈമാറുന്നത്.

### ഭാഷാപരിശീലന പ്രവർത്തനങ്ങൾ

1. തേൻ – രുചി, കാട്, മധുരം, തേനീച്ച, കൂട്, മരുന്ന്, ഉമിനീർ, പൂക്കൾ.

   തൊഴിലാളി ഈച്ച – സഞ്ചാരം, ആയുസ്, ഒന്നരമാസം, കുഞ്ഞുങ്ങൾ, കൂട്, പൂമ്പൊടി, തേൻ.

2. കൂടിന്റെ അറകളിലാണ് തേൻ ശേഖരിക്കുന്നത്. തേനിൽ തേനീച്ചയുടെ ഉമിനീർ കലരുന്നു. പൂക്കൾതോറും സഞ്ചരിച്ചാണ് തേനീച്ച തേൻ ശേഖരിക്കുന്നത്.

   തൊഴിലാളി ഈച്ചയ്ക്ക് ഒന്നരമാസക്കാലത്തെ ആയുസ്സുള്ളൂ. തേനും പൂമ്പൊടിയും ശേഖരിക്കുന്നത് തൊഴിലാളി ഈച്ചയാണ്.

3. 1. തൊഴിലാളികൾ ഇല്ലെങ്കിൽ പുരോഗതി ഉണ്ടാകില്ല.
   2. ആരോഗ്യമുള്ളപ്പോൾ പണിചെയ്ത് പണം സംഭരിച്ചു വയ്ക്കണം.



   3. ശത്രുക്കളെ ഒറ്റക്കെട്ടായി നിന്ന് ആക്രമിക്കണം.
   4. വിശിഷ്ടഭോജ്യം കഴിക്കാൻ പാവപ്പെട്ടവർക്ക് കഴിയില്ല.
   5. ചില ആളുകൾ പാവങ്ങളെ ഭീഷണിപ്പെടുത്താറുണ്ട്.

4. സ്വാദുള്ള ഭക്ഷണം.

   തേനിന് മധുരമാണ്.

   മെഴുകുകൊണ്ട് കൂടുണ്ടാക്കുന്നു.

   ശത്രുവിനെ വിഷം കുത്തിവയ്ക്കുന്നു.

   തേനീച്ചകൾ നൃത്തം ചെയ്യുന്നു.

5. മഴ, മഞ്ഞ്, എന്നൊക്കെ മടിയൻമാർ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തേനീച്ച തേനുംകൊണ്ട് അതിന്റെ കൂട്ടിലെത്തുന്നു. നാടുതോറും പറന്നും പൂവുതോറും ഇരുന്നുമാണ് തേനീച്ച തേൻ ശേഖരിക്കുന്നത്. മനുഷ്യനുവേണ്ടിയാണ് തേനെടുത്ത് തേനീച്ച സഞ്ചി നിറയ്ക്കുന്നത്. എല്ലാദിവസവും മുഷിയാതെ ജോലിചെയ്യാൻ തേനീച്ച [redacted]

6. ബസ്സുകൾ ഓടാതെ ആളുകൾ വിഷമിച്ചു.

   വെള്ളം കിട്ടാതെ ആളുകൾ കുഴങ്ങി.

   പെൻസിൽ കാണാതെ രഘു സങ്കടപ്പെട്ടു.

   അമ്മയെ കാണാതെ കുഞ്ഞുകരഞ്ഞു.

അഭ്യാസം 1, 2, 4, അഭ്യാസം 6-ലെ ചോദ്യം 1, 6 എന്നിവ കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ.

| | | |
|---|---|---|
| മിഴി | – | നീർ |
| ആദിനരൻ | – | കാട് |
| കല്ലുകൾ | – | തീ |
| തൊഴിലാളികൾ | – | ചരിത്രം |

5. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെ ഴുതി വാക്യങ്ങൾ പൂർണമാക്കാം.

   വനത്തിനുള്ളിലെ ഗുഹയിലാണ് പണ്ട് സന്യാസിമാർ തപസ്സ് ചെയ്തിരുന്നത്. ............................ൽ കൊടുംതണുപ്പിൽ കഴിഞ്ഞ അവർക്ക് വന്യമൃഗങ്ങളെ ഭയമില്ലായിരുന്നു. ....................... ലെ

ഇരുട്ടും കൂർത്തപാറക്കല്ലുകളും അവർക്ക് യാതൊരുവിധ ക്ലേശവും ഉണ്ടാക്കിയില്ല. എല്ലാ സുഖങ്ങളും വെടിഞ്ഞ് ആഗ്രഹങ്ങളില്ലാതെ ഈശ്വരനിൽ ലയിക്കുന്നവർക്കു മാത്രമെ ഈ വിധം ..................... കഴിയാനാകൂ.

അനിൽ സ്കൂളിൽനിന്നും വീട്ടിലേക്കു വരുന്ന വഴിയിൽ ഒരാൾ നിണത്തിൽ മുങ്ങികിടക്കുന്നതു കണ്ട് ഞെട്ടിപ്പോയി. ഏതോ വാഹനം മുട്ടി വീണതാണെന്ന് അവൾക്കു മനസ്സിലായി. മുറിവിൽ നിന്നൊഴുകിയ .............................. ഈച്ചകൾ പൊതിഞ്ഞിരുന്നു. ശരീരത്തിലെ .................... അധികം നഷ്ടപ്പെട്ടാൽ മരണം സംഭവിക്കുമെന്ന് സയൻസ് ടീച്ചർ പറഞ്ഞകാര്യം അവൾ ഓർമിച്ചു. അവൾ ഉടനെ അടുത്തുകണ്ട ബൂത്തിൽ കയറി ഫോണിൽ പോലീസിനെ വിവരം അറിയിച്ചു.

6. കണ്ടെത്താം എഴുതാം

   2. കായ്കനികളും തടിയും തേനുമാണ് കാട്ടിൽ നിന്ന് കിട്ടുന്ന വസ്തുക്കൾ.
   3. ആന, സിംഹം, പുലി, കരടി, കുറുക്കൻ, ചെന്നായ, മാൻ തുടങ്ങിയ മൃഗങ്ങളാണ് കാട്ടിലുള്ളത്.
   4. കുരങ്ങനാണ് മനുഷ്യനോട് സാമ്യമുള്ള മൃഗം.
   5. ആദിവാസികൾ എന്നപേരിലാണ് അറിയപ്പെടുന്നത്.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. തീ - പാചകം, നിർമാണം, തൊഴിൽ, ചൂട്, വെളിച്ചം, പുരോഗതി, ആയുധം, വിറക്.

   കാട് - സന്യാസി, മനുഷ്യർ, മരം, മൃഗങ്ങൾ, തടി, പക്ഷികൾ, ഇഴജന്തുക്കൾ, ഗുഹ.

2. 1. തീയുടെ കണ്ടുപിടുത്തം മനുഷ്യനെ പുരോഗതിയിലേക്ക് നയിച്ചു.
   2. തീ വേണമെങ്കിൽ വിറക് വേണം.
   3. പാചകത്തിന് തീ ആവശ്യമാണ്.
   4. കാട്ടിൽനിന്ന് തടി ലഭിക്കുന്നു.
   5. സന്യാസിമാർ തപസ്സ് ചെയ്തത് വനങ്ങളിലായിരുന്നു.

3. 1. ഭാരതത്തിലെ പ്രഥമപൗരൻ പ്രസിഡന്റാണ്.
   2. ശിലകളായിരുന്നു മനുഷ്യന്റെ ആദ്യത്തെ ആയുധം.
   3. വാഹനമിടിച്ചു വീഴ്ത്തിയ കുട്ടിയുടെ ശരീരത്തിൽനിന്ന്



ചുടുനിണമൊഴുകി.

   4. ആനകൾ മെല്ലെയാണ് നടന്നത്.
   5. അഖിലയുടെ ദുഃഖമോർത്ത് ചങ്ങാതി മിഴിനീരണിഞ്ഞു.

4. കല്ലുകൾ ഉരസി തീയുണ്ടാക്കാം.
   തൊഴിലാളികൾ ചരിത്രമെഴുതി.
   ആദിമനുഷ്യൻ കാട്ടിലാണ് ജീവിച്ചിരുന്നത്.
   കായ്കനികൾ തിന്നാണ് അവർ ജീവിച്ചത്.
   ഗുഹയ്ക്കുള്ളിൽ ഇരുട്ടാണ്.

5. അളിയൻ ചെന്നൊരു പുളിയേക്കേറി
   അളിയന്റളിയനുമൊപ്പം കേറി
   അളിയനുമളിയനുമൊത്തു പറഞ്ഞു
   ‘അളിയാ, പുളി[redacted]

6. കാട് നല്ല കാട്
   ആനയുള്ള കാട്
   കാട് നല്ല കാട്
   പക്ഷിയുള്ള കാട്.

അഭ്യാസം 1, 2, 4, കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

   ഉണ്ണിക്ക് ആരായിത്തീരാനാണ് മോഹമെന്ന് അധ്യാപിക ചോദിച്ചപ്പോൾ അവന്റെ മറുപടികേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചു. മിഠായി വില്പനക്കാരനാകാനാണ് .................... എന്നായിരുന്നു അവന്റെ മറുപടി. അങ്ങനെ ......................നുള്ള കാര്യം തിരക്കിയപ്പോൾ അവൻ പറഞ്ഞത് ഇങ്ങനെയായിരുന്നു “മിഠായി തിന്നാനുള്ള എന്റെ ...................... തീർക്കാൻ ഇതല്ലാതെ മറ്റെന്താ വഴി ?”

5. അനുയോജ്യമായ എതിർപദ ജോഡികളെ കണ്ടെത്തി എഴുതൂ.

| | | |
|---|---|---|
| അനാഥ | x | സനാഥ |
| സൗകര്യം | x | അസൗകര്യം |
| ആദരവ് | x | അനാദരവ് |

ദരിദ്രം x സമ്പന്നം

6. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിതരൂപവും എഴുതൂ.

| | | |
|---|---|---|
| ക്ഷയരോഗിയായിരുന്ന | - | ക്ഷയരോഗി + ആയിരുന്ന |
| പകരുമെന്ന | - | പകരും + എന്ന |
| അനാഥയെപ്പോലെ | - | അനാഥയെ + പോലെ |
| കൊടുമുടിയിലെത്തിയ | - | കൊടുമുടിയിൽ + എത്തിയ |
| മഹതിയായിത്തീർന്നു | - | മഹതിയായി + തീർന്നു |

7. താഴെ കൊടുത്തിരിക്കുന്ന അക്ഷരങ്ങൾ ഓരോന്നും ഉപയോഗിച്ച് എത്ര പദങ്ങൾ നിർമിക്കാം. ആ പദങ്ങൾ കൊണ്ട് വാക്യങ്ങൾ നിർമിക്കൂ.

ബ്ര, ത്ര, ഥ, ക്ഷ

| | | | |
|---|---|---|---|
| ബ്രാഹ്മണൻ | പത്രം | കഥ | ക്ഷമ |
| ബ്രഹ്മാവ് | മിത്രം | അതിഥി | ക്ഷാമം |
| അബ്രഹാം | കത്രിക | സ്ഥിതി | ക്ഷീണം |
| | നക്ഷത്രം | സ്ഥിരത | കക്ഷി |

കുചേലൻ ബ്രാഹ്മണനായിരുന്നു.

ബ്രഹ്മാവ് സൃഷ്ടാവാണെന്ന് വിശ്വസിച്ചുപോരുന്നു.

ബൈബിളിൽ അബ്രാഹത്തിന്റെ കഥയുണ്ട്.

നിത്യവും നാം പത്രം വായിക്കണം.

ആപത്തിൽ സഹായിക്കുന്നവരാണ് മിത്രങ്ങൾ.

തുണി മുറിക്കാൻ കത്രിക വേണം.

ആകാശത്ത് നക്ഷത്രം മിന്നിത്തിളങ്ങി.

കുട്ടികൾക്ക് കഥ കേൾക്കാൻ ഇഷ്ടമാണ്.

അതിഥിയെ സ്വീകരിക്കേണ്ടത് ആതിഥേയന്റെ ചുമതലയാണ്.

മഴ കൂടിയാൽ റോഡിന്റെ സ്ഥിതി മോശമാകും.

നമ്മുടെ അഭിപ്രായത്തിനു സ്ഥിരത വേണം.

ചെയ്തത് തെറ്റാണെന്ന് മനസ്സിലായാൽ ക്ഷമ ചോദിക്കണം.

വരൾച്ച വന്നാൽ ക്ഷാമം ഉണ്ടാകും.

കഠിനമായി അദ്ധ്വാനിച്ചപ്പോൾ ക്ഷീണമുണ്ടായി.



കക്ഷികളെ വിളിച്ച് വക്കീൽ കേസ് ഒത്തുതീർപ്പാക്കി.

8. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ.

| | | |
|---|---|---|
| മാതൃരാജ്യം | - | ജനിച്ചരാജ്യം |
| ക്ഷയരോഗം | - | പകർച്ചവ്യാധി |
| നോബൽ സമ്മാനം | - | മാഡംക്യൂറി |
| രസതന്ത്രം | - | റേഡിയം |
| സഹോദരി | - | ബ്രോണിയ |

9. പാഠഭാഗം വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.
   1. മേരിയുടെ കഷ്ടപ്പാട് വർദ്ധിച്ചതെപ്പോൾ?
   2. എവിടെയാണ് മേരി വേലക്കാരിയായത്?
   3. മേരിയെ മാതൃരാജ്യത്തു പുറത്തുപോകുവാൻ പ്രേരിപ്പിച്ചതെന്ത്?
   4. മേരിയുടെ പിതാവ് എന്തിലാണ് ശ്രദ്ധിച്ചിരുന്നത്?
   5. മേരിക്യൂറിക്ക് നോബൽ സമ്മാനം കിട്ടിയത് എന്തിനായിരുന്നു?

10. കണ്ടെത്താം എഴുതാം
    1. മേരിയുടെ ചെറുപ്രായത്തിൽ തന്നെ മൂത്ത സഹോദരിയും, അമ്മയും മരിച്ചുപോയി. ഇതായിരുന്നു മേരിക്കു കുട്ടിക്കാലത്തുണ്ടായ ദുഃഖകരമായ സംഭവം.
    2. ക്ഷയരോഗിയായിരുന്നു മേരിയുടെ അമ്മ. രോഗം പകരുമെന്ന് ഭയന്നതുകൊണ്ടാണ് മേരിക്ക് ഉമ്മ കൊടുക്കാൻ കഴിയാതിരുന്നത്.
    3. പ്രയോജനമുള്ള ഏതൊരു ജോലിയും അന്തസ്സ് കുറയ്ക്കുന്നില്ല എന്നായിരുന്നു അമ്മയുടെ ഉപദേശം.
    4. എന്തും ഓർമിക്കാനും തക്കസമയത്ത് പ്രകടിപ്പിക്കാനുമുള്ള കഴിവ് മേരിയെ സ്കൂളിലെ ഏറ്റവും മിടുക്കിയായ വിദ്യാർഥിനിയാക്കി.
    5. വിദ്യാഭ്യാസത്തിനുള്ള ഒടുങ്ങാത്ത മോഹം മേരിയെ മാതൃരാജ്യത്തുനിന്ന് പുറത്തുപോയിട്ടായാലും പഠനം തുടരാൻ പ്രേരിപ്പിച്ചു. സ്വന്തം രക്ഷയ്ക്കും പാരീസിൽ വൈദ്യശാ

സ്ത്രപഠനം നടത്തുന്ന ചേച്ചി ബ്രോണിയയെ സഹായിക്കാനുമായി മേരി വീടിനടുത്തുള്ള ഒരു സമ്പന്ന കുടുംബത്തിലെ വേലക്കാരിയാകാൻ തീരുമാനിച്ചത്.

6. 1911 ൽ റേഡിയം കണ്ടുപിടിച്ചത് മേരിക്യൂറിയാണ്.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. പഠനം – സിനിമ, ടെലിവിഷൻ, വായന, എഴുത്ത്, കേൾവി, കാഴ്ച, പുസ്തകം, വായന.

   ഡോക്ടർ – നിരീക്ഷണം, ആത്മാർത്ഥത, രോഗം, ആശുപത്രി, മരുന്ന്, പരിശോധന, അന്വേഷണം, ഉപദേശം.

2. കുട്ടികൾ പഠിച്ചുവളരണം. കേൾവി, വായന, കാഴ്ച എന്നിവ വഴിയാണ് പഠനം നടക്കുന്നത്. ഡോക്ടർ തരുന്ന മരുന്ന് കൃത്യമായി കഴിക്കണം. ആത്മാർത്ഥതയുടെ ഡോക്ടർമാരാണ് നമുക്കാവശ്യം.

3. 1. പ്രശസ്തരായ ധാരാളം ഡോക്ടർമാർ നമ്മുടെ നാട്ടിലുണ്ട്.
   2. മുതിർന്നവരെ നാം ആദരിക്കണം.
   3. നാം മറ്റുള്ളവരോട് അന്തസ്സായി പെരുമാറണം.
   4. അനാഥരുടെ സങ്കടം നാം അറിയണം.
   5. ഉയർന്നമാർക്കു നേടി പരീക്ഷയിൽ വിജയിച്ച ലതയ്ക്ക് ഹെഡ്മാസ്റ്റർ സമ്മാനം നൽകി.

4. ക്ഷയരോഗം പകരുന്ന രോഗമാണ്.

   മേരി അനാഥയെപ്പോലെ വളർന്നു.

   പഠിക്കാൻ മിടുക്കിയായിരുന്നു.

   1911ൽ റേഡിയം കണ്ടുപിടിച്ചു.

   വീട്ടുവേലക്കാരിയാകാൻ നിശ്ചയിച്ചു.

5. കാട്ടിൽ ഒരു മരത്തിനു താഴെ ഒരു സിംഹം കിടന്നുറങ്ങുകയായിരുന്നു. ഒരു എലി ചാടിക്കളിച്ച് ഓടിച്ചെന്ന്, സിംഹത്തിന്റെ മേൽ കയറിയിരുന്നു. സിംഹം ഒന്നനങ്ങി. അപ്പോഴാണ് താനിരിക്കുന്നത് ജീവനുള്ള സിംഹത്തിന്റെ ദേഹത്താണെന്ന് പാവം എലിക്ക് മനസ്സിലായത്. എലി ഉടനെ ചാടിയിറങ്ങി ഭയന്നു വിറച്ചുകൊണ്ട് എലി പറഞ്ഞു "മൃഗരാജാവേ, അങ്ങ് എന്നോട് ക്ഷമിക്കണം. ഞാൻ അറിയാതെയാണ് അങ്ങയുടെ ഉറക്കത്തിന് ശല്യമുണ്ടാക്കിയത്. എന്നെ കൊല്ലരുത്. ദയതോന്നിയ സിംഹം



എലിയെ കൊല്ല [redacted]

6. ബസ്സ് വന്നിട്ടും അവനറിഞ്ഞില്ല.

   സ്കൂളിൽ മണിയടിച്ചിട്ടും അവൻ കേട്ടില്ല.

   സമയം പോയിട്ടും ഗോമതി അറിഞ്ഞില്ല.

അഭ്യാസം 1, 2, എന്നിവ കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി വാക്യങ്ങൾ പൂർണമാക്കാം.

   കുട്ടൻ മഴയത്ത് കളിക്കുന്നത് കണ്ട് അവന്റെ അച്ഛൻ ദേഷ്യപ്പെട്ടു. .............................. കളിച്ചാൽ പനിപിടിക്കുമെന്ന് .............................. വിളിച്ചു പറഞ്ഞിട്ടും ..................... കളി അവൻ തുടർന്നു. ............................ അനുസരിക്കാത്ത കുട്ടൻ ................................ നനഞ്ഞു കുതിർന്ന് വീട്ടിലെത്തിയപ്പോൾ ചൂരൽപ്പഴത്തിന്റെ കയ്പുനീർ കുടിക്കേണ്ടിവന്നു.

4. അനുയോജ്യമായ എതിർപദ ജോഡികളെ കണ്ടെത്തി എഴുതൂ.

   ശരി x തെറ്റ്

   മലിനം x ശുദ്ധം

   നഷ്ടം x ലാഭം

   അടക്കുക x തുറക്കുക

5. അനുയോജ്യമായവ തമ്മിൽ നമ്പരിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിതരൂപവും എഴുതൂ.

| | |
|---|---|
| കണ്ണിൽപെടാതെ | – കണ്ണിൽ + പെടാതെ |
| നഷ്ടപ്പെടുകയായിരുന്നു | – നഷ്ടപ്പെടുക + ആയിരുന്നു |
| വെള്ളമൊക്കെ | – വെള്ളം + ഒക്കെ |
| തെറ്റായിപ്പോയി | – തെറ്റായി + പോയി |
| വിലയെപ്പറ്റി | – വിലയെ + പറ്റി |

6. വാക്യങ്ങൾ വാക്യങ്ങൾ

   മനുഷ്യന്റെ എല്ലാ ആവശ്യത്തിനും ജലം ആവശ്യമാണ്.

   മനുഷ്യനു മാത്രമല്ല, എല്ലാ സസ്യങ്ങൾക്കും ജീവജാലങ്ങൾക്കും ജലം ആവശ്യമാണ്. മനുഷ്യന് കുടിക്കാൻ ജലം അത്യാവശ്യമാണ്.

7. പാഠഭാഗം വായിച്ച് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.

   1. മീനയ്ക്ക് അച്ഛൻ നല്കിയ ഉപദേശം എന്ത്?
   2. ആരൊക്കെ തമ്മിലാണ് സംസാരിക്കുന്നത്?
   3. ഒരു കുപ്പി വെള്ളത്തിന് എത്ര വിലവരും?
   4. അച്ഛൻ പിന്നിൽ നിന്നത് മീന കണ്ടിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു?
   5. ക്ലാസ്സിലെ കൂട്ടുകാരോട് എന്തിനെപ്പറ്റി പറയുമെന്നാണ് മീന പറഞ്ഞത്?

8. കണ്ടെത്താം എഴുതാം

   1. വെള്ളത്തിന്റെ പൈപ്പ് തുറന്നിട്ടിട്ടാണ് മീനയുടെ മുഖം കഴുകലും പല്ലുതേക്കലും. ഇതാണ് മീനയുടെ പതിവ്.
   2. ഭൂമിയിലുള്ള ജലത്തിന്റെ ചെറിയൊരു ഭാഗം മാത്രമാണ് ശുദ്ധമായിട്ടുള്ളത്. അതുകൊണ്ടാണ് നമ്മൾ ജലം പാഴാക്കികളയരുതെന്ന് പറയുന്നത്.
   3. കഴിഞ്ഞവർഷം ഏഴ് മാസത്തോളം നമ്മുടെ നാട്ടിൽ മഴയുണ്ടായിട്ടും വരൾച്ചയാണ് ഉണ്ടായത്. നമുക്ക് കിട്ടുന്ന മഴവെള്ളം സൂക്ഷിക്കാനറിയാത്തതുകൊണ്ടാണ് നഗരത്തിലും നാട്ടിൻപുറത്തും വരൾച്ച ഉണ്ടാകുന്നത്.
   4. ഭൂമിയിലെ ജലം ഭൂമിക്കും ജീവജാലങ്ങൾക്കും വേണ്ടിയാണ്. അത് ജീവൻ നിലനിർത്തുന്ന അമൃതാണ്. അതില്ലെങ്കിൽ ജീവനില്ല.
   5. കുറ്റബോധമാണ് മനുഷ്യനെ ശരിയിലേക്ക് നയിക്കുന്നത്.

9. വെള്ളവുമായി ബന്ധപ്പെടുത്തി കൊടുത്തിട്ടുള്ള വാക്കുകൾ ചേർത്ത് ഒരു ഖണ്ഡിക എഴുതൂ.

   ആഹാരം പാകം ചെയ്യുന്നതിന് വെള്ളം വേണം. കുടിക്കാനും കുളിക്കാനും അലക്കാനും വെള്ളം കൂടിയേ തീരൂ. എല്ലാ ജീവി കൾക്കും ജലമില്ലെങ്കിൽ ജീവൻ നിലനിർത്താൻ കഴിയില്ല. കൃഷിക്കും വൈദ്യുതി ഉല്പാദനത്തിനും വെള്ളം വേണം.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. ജലം – ചായ, അലക്ക്, ദാഹം, ജീവൻ, കുളി, പാചകം, ഭക്ഷണം, മരുന്ന്.

   കുട്ടി – അനുസരണം, വിനയം, മിടുക്ക്, പഠനം, കളി, ഉടുപ്പ്, പുസ്തകം, കളിക്കോപ്പ്



2. ജീവൻ നിലനിർത്താൻ ജലം വേണം.

   ഭക്ഷണം പാകം ചെയ്യാൻ ജലം വേണം.

   കുട്ടികൾക്ക് കളിക്കാൻ ഇഷ്ടമാണ്.

   കുട്ടികൾക്ക് വിനയവും അനുസരണവും വേണം.

3. 1. കോടീശ്വരൻമാർക്കും ദുഃഖങ്ങൾ ഉണ്ടാകാം.
   2. ശുദ്ധമായ പാലാണ് നാം കുടിക്കേണ്ടത്.
   3. വെള്ളം കിട്ടാതെ കേഴുന്ന പാവങ്ങളെ സഹായിക്കണം.
   4. വരൾച്ച വന്നാൽ നാട്ടിൽ ക്ഷാമം ഉണ്ടാകും.

4. പല്ലുതേക്കാൻ തുടങ്ങി.

   ജലം പാഴാക്കരുത്.

   കുപ്പിവെള്ളം ഉപയോഗിക്കരുത്.

   മഴവെള്ളം സംഭരിക്കണം.

   അച്ഛൻ പിന്നിൽ വന്നുനിന്നു.

5. പണ്ട് ഒരു കാക്കയ്ക്ക് തന്റെ കറുത്ത നിറത്തോട് വെറുപ്പുതോന്നി. വെളുത്ത പ്രാവിനെ കാണാനെന്തു ഭംഗിയാണ്. അങ്കവാലും ആടയുമുള്ള പൂവൻകോഴി എത്ര സുന്ദരനാണ്. പച്ചനിറമുള്ള തത്തയുടെ അഴക് ആരും നോക്കിനിന്നു പോകില്ലേ ? അതിനാൽ കാക്ക മറ്റുപക്ഷികളുടെ വർണഭംഗിയുള്ള തൂവലുകൾക്കു വേണ്ടി കൊതിച്ചു.

6. കുട്ടികൾ പാഠം [redacted]

   ജനങ്ങൾ ഇരമ്പി[redacted]

   അപകടമണി മുഴങ്ങിയിരുന്നു.

   ആളുകൾ ജോലി തുടങ്ങിയിരുന്നു.

അഭ്യാസം 1, 2, 5, 6, 9, 10, അഭ്യാസം 8-ലെ ചോദ്യം 4 എന്നിവ കുട്ടികൾ സ്വയം കണ്ടെത്തി എഴുതണം.

3. ഒന്നിന് ഒത്തിരി – അടിവരയിട്ട പദത്തിന്റെ സമാനപദങ്ങളെഴുതി

വാക്യങ്ങൾ പൂർണമാക്കാം.

പ്രഭാതത്തിൽ വീശിയ കാറ്റിൽ പൂന്തോട്ടത്തിൽ പൂവുകൾ തല യാട്ടി. .................... നല്ല തണുപ്പുണ്ട്. കിളികൾ കൂട്ടിൽതന്നെ ഇരുന്നു. സൂര്യരശ്മികൾ വീണു തുടങ്ങിയപ്പോൾ .................... തണുപ്പു കുറഞ്ഞു. .................... ഇതളുകളിൽ പറ്റി നിന്ന മഞ്ഞിൻ തുള്ളികൾ മാഞ്ഞുപോയി. ...................... തീറ്റി തേടി അകല ങ്ങളിലേക്കു പറന്നുപോയി.

4. അനുയോജ്യമായവ തമ്മിൽ നമ്പറിട്ട് യോജിപ്പിക്കൂ. ഒറ്റപ്പദങ്ങളും അനുയോജ്യമായ വികസിതരൂപവും എഴുതൂ.

മുറ്റത്തുലാത്തുമ്പോൾ - മുറ്റത്ത് + ഉലാത്തുമ്പോൾ

മുന്നിലായൊരു - മുന്നിൽ + ആയൊരു

കാണാക്കിളി - കാണാ + കിളി

ചിറകൊളി - ചിറക് + ഒളി

പൂമരക്കൊമ്പിലേക്ക് - പൂമര + കൊമ്പിലേക്ക്

ഇല്ലറിയില്ല - ഇല്ല + അറിയില്ല

7. കവിതയിൽ നിന്ന് നിങ്ങൾക്ക് സ്വന്തമായി എത്ര ചോദ്യങ്ങൾ നിർമിക്കാം.

1. എപ്പോഴാണ് തൂവൽ പറന്നുവീണത്?
2. എങ്ങനെയുള്ളതായിരുന്നു ആ തൂവൽ?
3. എവിടെയാണ് ആ തൂവൽ കൊണ്ടുപോയി വച്ചത്?
4. ഈ കവിത രചിച്ചതാര്?
5. ഈ കവിതയുടെ പേരെന്ത്?

8. കണ്ടെത്താം എഴുതാം

1. പൂപോലെ മനോഹരവും പട്ടുപോലെ മൃദുലവുമായിരുന്നു ആ തൂവൽ.
2. ഏതു കിളിയുടെ തൂവലാണതെന്ന് കവിക്കറിയില്ല.
3. ആ തൂവൽ ദയയോടെ കവിയെ നോക്കുന്നതായി കവിക്കു തോന്നി. അപ്പോൾ കവിയുടെ മനസ്സ് പൂമരമാകുന്നതുപോലെയും ഏതോ കിളി പാടുന്നതുപോലെയും തോന്നി.

**ഭാഷാപരിശീലന പ്രവർത്തനങ്ങൾ**

1. തൂവൽ - കാക്ക, കുയിൽ, കുരുവി, പക്ഷി, നിറം, കോഴി, തത്ത, മയിൽ.



ഷർട്ട് - അളവ്, കത്രിക, നൂൽ, തുണ, തയ്യൽക്കാരൻ, കട, വില, കൃഷി.

2. മയിലിന്റെ തൂവലാണ് മയിൽപ്പീലി. പല നിറങ്ങളിലുള്ള തൂവൽ ശേഖരണം വിനോദമാണ്.

തയ്യൽക്കാരനാണ് ഷർട്ട് തയ്ക്കുന്നത്. കൃത്യമായ അളവെടുത്താണ് ഷർട്ട് തയ്ക്കുന്നത്.

3. ചില്ലലമാരിയിൽ - കൊണ്ടുവച്ചു.

താണുതാണങ്ങനെ - പാറിവീണു.

കാണാക്കിളിതൻ - കിളുന്നുതൂവൽ

ഞാനതെടുത്തു - തലോടിനിന്നു.

മനസ്സൊരു - പൂമരമായി.

4. പശിമാറ്റാൻ ആശിക്ക വേണം.

പശുവിൻ പാൽ കുടിക്ക വേണം.

പണി ചെയ്യാൻ ഉശിരു വേണം.

പാവത്തെ തുണയ്ക്ക വേണം.

പരമാർത്ഥം പറക വേണം.

പഴി ചൊല്ലാതിരിക്ക വേണം.

5. പഴമൊന്നു കൊത്തി തിന്നാട്ടെ

തത്തേ തത്തേ വന്നാട്ടെ

വിത്തുകൾ കൊത്തി തിന്നാട്ടെ

തത്തേ തത്തേ വന്നാട്ടെ

തളിരുകൾ കൊത്തി തിന്നാട്ടെ.